# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK-DP/525/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 17/05/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2)ഗവ.സെക്രട്ടറി, തസ്വഭ, തിരുവനന്തപുരം.
3)റീജിയണൽ പെർഫോമൻസ് ഓഡിറ്റർ, എറണാകുളം.

നമ്പർ: KSA-IDK-DP/525/23 തീയ്യതി: 17/05/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം.വി സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 30-06-2022 |
| ശ്രീ എം. കിഷോർ തോമസ് | ഡെപ്യൂട്ടി ഡയറക്ടർ (അധിക ചുമതല) | 01-07-2022 | 03-07-2022 |
| ശ്രീ സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 03-12-2022 |
| ശ്രീ അനിൽ മാത്യു ഐെയ്യ് | ഡെപ്യൂട്ടി ഡയറക്ടർ (അധിക ചുമതല) | 04-12-2022 | 16-12-2022 |
| ശ്രീ. കെ.കെ വിനോദ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-12-2022 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-04-2022 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.കെ. മധുസൂദനൻനായർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) -
01.04.2022 മുതൽ 30.04.2022 വരെ 01.09.2022 മുതൽ 28.02.2023 വരെ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
01.05.2022 മുതൽ 30.08.2022 വരെ
ശ്രീ. എം.കെ. അഭിലാഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
01.09.2022 മുതൽ 28.02.2023 വരെ
ശ്രീ. ആർ. സാമുവൽരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
01.04.2022 മുതൽ 07.05.2022 വരെ
ശ്രീ. റ്റി.റ്റി. മുഹമ്മദ് ഫാസിൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
01.05.2022 മുതൽ 05.08.2022 വരെ
ശ്രീ. കെ.സി. ബിനുമോൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
01.04.2022 മുതൽ 28.02.2023 വരെ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജിജി. കെ ഫിലിപ്പ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ബി സുനിൽകുമാർ | സെക്രട്ടറി | 01-04-2021 | 16-12-2021 |
| ശ്രീ എം.കെ റഷീദ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി.ജെ തങ്കച്ചൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ബിജു വിശ്വം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ജോൺസൺ പുറവക്കാട്ട് | ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 01-04-2021 | 04-01-2022 |
| | | 20-01-2022 | 31-01-2022 |
| ശ്രീമതി റ്റി.ജി ആര്യാംബ | ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 05-01-2021 | 19-01-2022 |
| | | 01-02-2022 | 31-03-2022 |
| ഡോ ബിനോയ് പി.മാത്യു | ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 01-04-2021 | 31-03-2022 |
| ശ്രീ വി.എ ശശീന്ദ്ര വ്യാസ് | ഡെപ്യൂട്ടി ഡയറക്ടർ വിദ്യഭ്യാസം | 01-04-2021 | 31-03-2022 |
| ശ്രീ റ്റി.ജി അജേഷ് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 01-04-2021 | 31-03-2022 |
| ശ്രീ കെ മനോഹരൻ | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 24-01-2022 |
| ശ്രീ സാജു ജേക്കബ് | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 25-01-2021 | 31-03-2022 |
| ശ്രീമതി മിനി ജോസഫ് | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 01-04-2021 | 18-01-2022 |
| ശ്രീ എസ് മഹേഷ് നാരായണൻ | ഡെപ്യൂട്ടി ഡയറക്ടർ ക്ഷീര വികസനം | 19-01-2022 | 31-03-2022 |
| ശ്രീമതി സെറീന എ റഹ്മാൻ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജനം | 01-04-2021 | 30-05-2021 |
| ശ്രീ സാജു സെബാസ്റ്റ്യൻ | പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജനം | 31-05-2021 | 31-03-2022 |
| ശ്രീമതി കെ.എസ് ശ്രീരേഖ | പ്രോജക്ട് ഓഫീസർ ഐ.ടി.ഡി.പി. | 01-04-2021 | 31-03-2022 |
| ഡോ എം.ആർ ഉമാദേവി | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2021 | 31-03-2022 |
| ഡോ കെ.പി ശുഭ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ എൻ അമ്പിളി | സൂപ്രണ്ട് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 01-04-2021 | 24-08-2021 |
| ഡോ കെ.എസ് അമ്പിളി | സൂപ്രണ്ട് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 25-08-2021 | 19-12-2021 |
| ഡോ മേഴ്സി ഗോൺസാൽവസ് | സൂപ്രണ്ട് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ഹോമിയോ) | 20-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | 29 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി | 1-5-1 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | വാർഷിക കണക്കുകളുടെ അപാകത | 1-9-1 |
| 11 | അക്കൗണ്ട് ബാലൻസ് വ്യത്യാസം | 1-9-2 |
| 12 | നീക്കിയിരിപ്പിൽ വ്യതിയാനം | 1-9-3 |
| 13 | ക്യാപിറ്റൽ വർക്ക്സ്-ഇൻ-പ്രോഗ്രസ് വിവരം ലഭ്യമല്ല | 1-9-4 |
| 14 | ലോൺ വിവരം വ്യക്തമല്ല | 1-9-5 |
| 15 | പലിശ സംയുക്ത പദ്ധതിയുടെ വരവായി പലിശ ഉൾപ്പെടുത്തിയിരിക്കുന്നു | 1-9-6 |
| 16 | ശീർഷകം മാറി പോസ്റ്റ് ചെയ്തിരിക്കുന്നു | 1-9-7 |
| 17 | RMSA ഫ്ലക്സി അക്കൗണ്ട് ഫിക്സഡ് ഡെപ്പോസിറ്റ് ആയി രേഖപ്പെടുത്തിയിരിക്കുന്നു | 1-9-8 |
| 18 | ഡെപ്പോസിറ്റ് പ്രവൃത്തി തുക വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിക്കുന്നില്ല | 1-9-9 |
| 19 | ലോൺ തുക ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല | 1-9-10 |
| 20 | പഞ്ചവൽസര പദ്ധതി അവലോകനം | 1-10 |
| 21 | ജില്ലാ കൃഷിഭവന്റെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിൽ അവ്യക്തത | 1-11 |
| 22 | നടീൽ വസ്തുക്കൾ വിറ്റ വകയിൽ ലഭിക്കാനുള്ള ₹7,500/- ലഭ്യമായിട്ടില്ല | 1-12 |
| 23 | അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ വിശ്രമ മുറികൾ വൈദ്യുതീകരണം - പദ്ധതി രൂപീകരിക്കാതെ ചെലവ് നടത്തി | 1-13 |
| 24 | വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കുന്നതിൽ വീഴ്ച | 1-14 |
| 25 | വരവ് തുക യഥാസമയം ബാങ്കിൽ അടയ്ക്കുന്നില്ല | 1-15 |
| 26 | മരം ലേലം ചെയ്തതിലെ അപാകത - നഷ്ടം ₹23,537/- | 1-16 |
| 27 | നടപടി ക്രമങ്ങൾ പാലിക്കാതെ ലാപ്ടോപ്പുകളും പ്രിന്ററും വാങ്ങാൻ തുക കൈമാറിയത് ക്രമ പ്രകാരമല്ല | 1-17 |
| 28 | കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാം - അവലോകനം | 1-18 |
| 29 | നെല്ല് വിത്ത് വില്പന ₹1,21,600/- ലഭ്യമായില്ല | 1-19 |
| 30 | ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ ഇലക്ട്രോണിക്സ് ത്രാസ് വാങ്ങി | 1-20 |
| 31 | ലേല നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-21 |
| 32 | സെലക്ഷൻ നോട്ടീസ് ലഭിച്ച് യഥാസമയം കരാറിൽ ഏർപ്പെടുന്നില്ല - നഷ്ടം ₹8,589/- | 1-22 |
| 33 | സ്കൂളുകളിൽ വൈറ്റ് ബോർഡ് സ്ഥാപിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-23 |
| 34 | ജില്ലാ ഹോമിയോ ആശുപത്രി - മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-24 |
| 35 | ജില്ലാ ആശുപത്രി (ആരോഗ്യം) - മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-25 |
| 36 | ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് റോളറുകളുടെ തത്സ്ഥിതി ലഭ്യമല്ല | 1-26 |
| 37 | മതികെട്ടാൻ കുടിവെള്ള പദ്ധതി-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി ₹3,65,989/-യുടെ നഷ്ടം | 1-27 |
| 38 | ശാന്തമ്പാറ ജി.എച്ച്. എസ് മെയിന്റനൻസ് -റെക്റ്റിഫൈഡ്ടൈലിന് വിട്രിഫൈഡ് ടൈലിന്റ് നിരക്ക് നൽകി -നഷ്ടം ₹17332 | 1-28 |

| | | |
|---|---|---|
| 39 | ചിന്നക്കനാൽ ജി.എച്ച്.എസ്. മെയിന്റനൻസ് - ടൈലിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി നഷ്ടം ₹45,847/- | 1-29 |
| 40 | ഉടുമ്പൻചോല ജി.എച്ച്.എസ്. മെയിന്റനൻസ്- അധിക തുക നൽകി നഷ്ടം ₹1,07597/ | 1-30 |
| 41 | പാമ്പാട്ടും പാറ ഗ്രാമ പഞ്ചായത്ത് കല്ലാർ ജി.എച്ച്.എസ് കെട്ടിടം-മെയിന്റനൻസ് - നഷ്ടം ₹1,70,529/- | 1-31 |
| 42 | ആദായ നികുതി ഈടാക്കിയതിൽ കുറവ് - ₹9,306/- | 1-32 |
| 43 | വള്ളക്കടവ് കുടിവളള പദ്ധതി - പതിമൂന്ന് ലക്ഷത്തോളം മുടക്കിയ കുടിവെള്ള പദ്ധതി ഉപയോഗപ്രദമല്ല - ചെലവ് തടസ്സം- ₹12,78,856/- | 1-33 |
| 44 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ് | 1-34 |
| 45 | പുതുക്കട എസ്.സി. സാംസ്കാരിക നിലയം - സ്റ്റീൽ പ്രവർത്തികൾക്ക് അധിക നിരക്ക് നൽകി. | 1-35 |
| 46 | വട്ടവട മാതൃകാ ഗ്രാമം സംരക്ഷണ ഭിത്തി - വ്യക്തമായ പഠനങ്ങൾ നടത്താതെ പദ്ധതി ആവിഷ്കരിച്ചു-ചെലവ് തടസ്സം ₹1860501/- | 1-36 |
| 47 | സേനാപതി ഗ്രാമ പഞ്ചായത്ത് -വട്ടപ്പാറ വനിതാ സാംസ്കാരിക നിലയം- അധിക തുക നൽകി - ₹28,973/- | 1-37 |
| 48 | മണക്കാട് ഗ്രാമ പഞ്ചായത്ത്-അരിക്കുഴ യുവജനക്ഷേമകേന്ദ്രം പെയിന്റിംഗ്- കരാറുകാരന് തുക അധികം നൽകി നഷ്ടം ₹16,449/- | 1-38 |
| 49 | ദേവികുളം ഫാഷൻ ഡിസൈൻ സ്കൂൾ കെട്ടിടം മെയിന്റനൻസ് - നഷ്ടം ₹49,160/- | 1-39 |
| 50 | കുമാരമംഗലം ശാസ്താവ് റോഡ്- കല്ലുങ്ക് റോഡ് പുനരുദ്ധാരണം- കരാറും പൂർത്തീകരണവും വൈകിയതിന് പിഴ ഈടാക്കിയില്ല. | 1-40 |
| 51 | കുമളി ഗ്രാമപഞ്ചായത്ത്- വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ- പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തടസ്സം ₹385782/- | 1-41 |
| 52 | റി-ടെൻഷൽ തുക പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി സൂക്ഷിക്കുന്നില്ല. | 1-42 |
| 53 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-43 |
| 54 | ജവഹർ ഹൗസിംഗ് സ്കീം പലിശ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-44 |
| 55 | പദ്ധതി നിർവഹണത്തിനായി മറ്റു സ്ഥാപനങ്ങൾക്കു നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 1-45 |
| 56 | കുടുംബശ്രീക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് -തിരികെ ഈടാക്കിയില്ല. | 1-46 |
| | ഭാഗം **2** | |
| 1 | സെലക്ഷൻ നോട്ടീസ് ലഭിച്ച് യഥാസമയം കരാറിൽ ഏർപ്പെടുന്നില്ല - നഷ്ടം ₹8,589/- | 2-1 |
| | ഭാഗം **3** | |
| 1 | പാമ്പാട്ടുംപാറ ഗ്രാമ പഞ്ചായത്ത് -കല്ലാർ ജി.എച്ച്.എസ് കെട്ടിടം-മെയിന്റനൻസ് നഷ്ടം ₹1,70,576/- | 3-1 |
| 2 | മതികെട്ടാൻ കുടിവെള്ള പദ്ധതി-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം ₹365989/- | 3-2 |
| 3 | ശാന്തമ്പാറ ജി.എച്ച്. എസ് -വിട്രിഫൈഡ് ടൈലിന് പകരം റെക്റ്റിഫൈഡ് സെറാമിക് ടൈൽ ഉപയോഗിച്ചു -നഷ്ടം ₹17332/- | 3-3 |
| 4 | ചിന്നക്കനാൽ ജി.എച്ച്. എസ് ടൈലിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം ₹45,847/- | 3-4 |
| 5 | ദേവികുളം ഗ്രാമ പഞ്ചായത്ത് -ഫാഷൻ ഡിസൈൻ സ്കൂൾ കെട്ടിടം മെയിന്റനൻസ്- നഷ്ടം ₹49160/- | 3-5 |
| 6 | മണക്കാട് ഗ്രാമപഞ്ചായത്ത് -അരിക്കുഴ യുവജനക്ഷേമകേന്ദ്രം- അധിക തുക നൽകി ₹16449/- | 3-6 |
| 7 | ഉടുമ്പൻചോല ജി.എച്ച്.എസ്. മെയിന്റനൻസ്- അധിക തുക നൽകി നഷ്ടം ₹107597/- | 3-7 |
| 8 | സേനാപതി ഗ്രാമപഞ്ചായത്ത് -വട്ടപ്പാറ വനിതാ സാംസ്കാരിക നിലയം- അധിക തുക നൽകി നഷ്ടം ₹28,973/- | 3-8 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്ഥിരം സമിതിയുടെ 12.02.2021ലെ നാലാം നമ്പർ തീരുമാന പ്രകാരവും സമിതിയുടെ 20.02.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും 2021-22ലെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹44961948 |
| വരവ് | ₹964668500 |
| ആകെ | ₹1009630448 |
| ചെലവ് | ₹1005192000 |
| നീക്കിയിരിപ്പ് | ₹4438448 |

ധനകാര്യ സ്ഥിരം സമിതിയുടെ 14.03.2022ലെ നാലാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 26.03.2022ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും തൻ വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹2526051 |
| വരവ് | ₹1029711340 |
| ആകെ | ₹1032237391 |
| ചെലവ് | ₹1029214190 |
| നീക്കിയിരിപ്പ് | ₹3020201 |

ശാസ്ത്രീയമായ ധനസമാഹരണ ധനവിനിയോഗത്തിനുള്ള ഒരു രേഖ എന്ന നിലയിൽ ബജറ്റ് പ്രയോജനപ്പെടുന്നില്ല. സ്ഥാപനത്തിന്റെ മുൻ വരവ്-ചെലവ് കണക്കുകൾ അവലോകനം ചെയ്ത് ബജറ്റ് തയ്യാറാക്കുവാൻ ശ്രമിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹71452446 |
| വരവ് | ₹746530902 |
| ആകെ | ₹817983348 |
| ചെലവ് | ₹650609209 |
| നീക്കിയിരിപ്പ് | ₹167374139 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 221967270 | 221967270 | 173258717 | 48708553 |
| | പട്ടിക ജാതി വിഭാഗം | 0 | 139635969 | 139635969 | 66977657 | 72658312 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 37974020 | 37974020 | 28542697 | 9431323 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി രഹിത ഗ്രാന്റ് | | 0 | 62670978 | 62670978 | 29156672 | 33514306 |
| | ഉപാധി ഗ്രാന്റ് | | 0 | 99147212 | 99147212 | 44128941 | 55018271 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | | 0 | 268433468 | 268433468 | 163695536 | 104737932 |
| | റോഡിതരം | | 0 | 134727246 | 134727246 | 79928325 | 54798921 |
| ജനറൽ പർപ്പസ് ഫണ്ട് | | | 13789955 | 43023000 | 56812955 | 46812955 | 10000000 |
| എസ്.എസ്.എ | | | 2256282 | 67867 | 2324149 | 0 | 2324149 |
| ആർ.എം.എസ്.എ | | | 23064026 | 592523 | 23656549 | 12130008 | 11526541 |
| ആർ.ജി.പി.എസ്.എ | | | 860644 | 0 | 860644 | 0 | 860644 |
| എസ്.ടി. സ്കോളർഷിപ്പ് | | | 10000 | 0 | 10000 | 0 | 10000 |
| എൻ.എച്ച്.എം | | | 350000 | 0 | 350000 | 0 | 350000 |
| കേരളോത്സവം | | | 42745 | 1166 | 43911 | 0 | 43911 |
| ആയുർവ്വേദ വകുപ്പ് | | | 2374165 | 0 | 2374165 | 0 | 2374165 |
| എസ്. സി. സ്കോളർഷിപ്പ് | | | 830351 | 8900 | 839251 | 0 | 839251 |
| നബാർഡ് | | | 6301241 | 12423000 | 18724241 | 12301966 | 6422275 |
| ആയുർവ്വേദ വകുപ്പ് | | | 3793440 | 0 | 3793440 | 0 | 3793440 |
| വെള്ളപ്പൊക്കം | | | 2 | 0 | 2 | 0 | 2 |
| ഇ.എം.എസ്. ലോൺ | | | 322021 | 0 | 322021 | 0 | 322021 |
| സംയുക്ത പദ്ധതി | നഗര സഭ | | 1000000 | 0 | 1000000 | 0 | 1000000 |
| | ഗ്രാമ പഞ്ചായത്ത് | എ. ബി. സി. പ്രോഗ്രാം | 2568805 | 297268 | 2866073 | 0 | 2646073 |
| | | ഡയാലിസിസ് | | | | 0 | 220000 |
| | ബ്ലോക്ക് പഞ്ചായത്ത് | പദ്ധതികൾ | 1630177 | 0 | 1630177 | 0 | 1630177 |
| | | റവന്യൂ | 0 | 500000 | 500000 | 0 | 500000 |
| കോവിഡ് | | | 961915 | 0 | 961915 | 807315 | 154600 |

<u>കുറിപ്പുകൾ</u>

1. ജില്ലാ പഞ്ചായത്തിലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സുലേഖ സോഫ്റ്റ് വെയറിൽ ഐ.കെ.എം വിഭാഗം അപ്‌ലോഡ് ചെയ്തിട്ടില്ല. ആയതിനാൽ അലോട്ട് ചെയ്ത ഗ്രാന്റിന്റെ കൃത്യത പരിശോധിക്കുവാൻ സാധ്യമല്ല. വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ കണക്കുകളാണ് ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ സുലേഖയിലെ ചെലവും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

<u>1-5 പദ്ധതി അവലോകനം</u>

പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളും വികസന സെമിനാറും യഥാസമയം നടത്തിയിട്ടുണ്ട്. ഗ്രാമസഭയ്ക്ക് സമാനമായി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റുമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആസൂത്രണ ഗ്രാമസഭ യോഗം ജില്ലാപഞ്ചായത്ത് സംഘടിപ്പിട്ടില്ല. പദ്ധതി ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചുമതലപ്പെട്ട ആസൂത്രണ സമിതി രൂപീകരിച്ചിട്ടുമില്ല.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 16.02.2021 |
| വികസന സെമിനാർ | 19.02.2021 |
| വാർഷിക പദ്ധതി അംഗീകാരം | 3-31(2), 25.08.20213-3 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 809 | 1161361365 | 362 | 589325595 | ഇല്ല | 447 | 44.74 |

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | പദ്ധതി അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 228396147 | 173258717 | 75.85 |
| വികസന ഫണ്ട് (എസ്.സി.പി.) | 145913194 | 66977657 | 45.90 |
| വികസന ഫണ്ട് (ടി.എസ്.പി.) | 40311357 | 28542697 | 70.80 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 179740620 | 32989234 | 18.35 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 19637300 | 0 | 0.00 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 12036001 | 0 | 0.00 |
| തനത് ഫണ്ട് | 68140150 | 31631463 | 46.42 |
| ഗ്രാമപഞ്ചായത്തുകൾ | 125000 | 0 | 0.00 |
| ബ്ലോക്ക്പഞ്ചായത്തുകൾ | 500000 | 0 | 0.00 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 288435550 | 163695536 | 56.75 |
| ആസ്തി പരിപാലന ഗ്രാന്റ് (റോഡിതരം) | 137412355 | 79928325 | 58.16 |
| മറ്റുള്ളവ | 40713691 | 12301966 | 30.21 |
| ആകെ | 1161361365 | 589325595 | 50.74 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി ജില്ലാപഞ്ചായത്ത് | 40 | 33 | 149799870 | 100972850 | 67.40 |
| 2 | പ്രോജക്റ്റ് ഓഫീസർ ഐ.ടി.ഡി.പി. | 4 | 4 | 2210069 | 1061248 | 48.01 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 1 | 1 | 1544845 | 1544845 | 100 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 2 | 2 | 545000 | 543800 | 99.477 |
| 5 | അസി. എക്സിക്യൂട്ടീവ് എൻജിനീയർ കൃഷി | 1 | 0 | 8100000 | 0 | 0.00 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ | 2 | 2 | 2507500 | 2506367 | 99.95 |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യഭ്യാസം | | | | | |
| 7 | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ<br>കുടുംബശ്രീ | 3 | 2 | 22230156 | 5340000 | 24.02 |
| 8 | ജില്ലാ പട്ടികജാതി<br>വികസന ഓഫീസർ | 3 | 3 | 4800000 | 4446961 | 92.64 |
| 9 | ഡെപ്യൂട്ടി ഡയറക്ടർ<br>ക്ഷീര വികസനം | 3 | 3 | 28603880 | 28058045 | 98.09 |
| 10 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 3 | 3 | 11483796 | 11482427 | 99.98 |
| 11 | എക്സിക്യൂട്ടീവ് എൻജിനീയർ<br>എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. | 4 | 4 | 13903581 | 13717510 | 98.66 |
| 12 | പ്രോജക്ട് ഡയറക്ടർ<br>ദാരിദ്ര്യ നിർമ്മാർജനം | 5 | 5 | 86114696 | 86046630 | 99.92 |
| 13 | ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 13 | 11 | 20500000 | 10083163 | 49.18 |
| 14 | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 2500000 | 2500000 | 100.00 |
| 15 | അസി. എക്സി. എഞ്ചിനീയർ,<br>എക്സി. എഞ്ചിനീയർ | 700 | 269 | 786168114 | 301890726 | 38.40 |
| 16 | ഫാം സൂപ്രണ്ട്,<br>ജില്ലാ കൃഷിത്തോട്ടം | 5 | 0 | 1183720 | 0 | 0.00 |
| 17 | സൂപ്രണ്ട് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി (ആയുർവേദം) | 16 | 16 | 17566138 | 17531023 | 99.80 |
| 18 | സൂപ്രണ്ട് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി (ഹോമിയോ) | 3 | 3 | 1600000 | 1600000 | 100 |
| | ആകെ | 809 | 362 | 1161361365 | 589325595 | 50.74 |

വിവിധ മേഖലകളിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| പൊതുവിഭാഗം | ഉത്പാദനം | 54 | 95863409 | 54362835 | 56.70 |
| | സേവനം | 343 | 504306976 | 230689965 | 45.74 |
| | പശ്ചാത്തലം | 298 | 370100039 | 208439955 | 56.31 |
| പട്ടികജാതി വിഭാഗം | ഉത്പാദനം | 3 | 22890156 | 2516334 | 10.99 |
| | സേവനം | 52 | 89555738 | 52420575 | 58.53 |
| | പശ്ചാത്തലം | 28 | 36000000 | 12040748 | 33.44 |
| പട്ടികവർഗ്ഗ വിഭാഗം | സേവനം | 24 | 30319733 | 21911301 | 72.26 |
| | പശ്ചാത്തലം | 12 | 12325314 | 6943882 | 56.33 |
| | ആകെ | 809 | 1161361365 | 589325595 | 50.74 |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഘടകം | പ്രോജക്റ്റിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 26 | 10 | 42072232 | 13840795 | 32.90 |
| കുട്ടികൾ | 16 | 9 | 19732319 | 12683528 | 64.28 |
| വൃദ്ധർ | 19 | 11 | 24190938 | 11165411 | 46.15 |
| ഭിന്നശേഷിക്കാർ | 1 | 1 | 319008 | 311916 | 97.80 |
| മറ്റ് ദുർബല വിഭാഗം | 4 | 4 | 7800000 | 6963295 | 89.27 |
| പാലിയേറ്റീവ് കെയർ | 4 | 4 | 2600000 | 2599885 | 99.99 |
| ആകെ | 70 | 39 | 96714497 | 47564910 | 49.18 |

പദ്ധതി മാർഗ്ഗരേഖയും സർക്കാർ മാനദണ്ഡങ്ങളും അവഗണിച്ചും കെട്ടിട നിർമ്മാണ/മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏറ്റെടുക്കുന്നതായി കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചെലവഴിക്കാനായത് അടങ്കലിന്റെ 38.40 ശതമാനം മാത്രമാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ 704 മരാമത്ത് പ്രോജക്ടുകളിൽ 431 എണ്ണം നടപ്പാക്കിയിട്ടില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണം പ്രായോഗികതയുള്ള പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മനുഷ്യ വിഭവശേഷി പരിഗണിച്ചുകൊണ്ട് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും സ്ഥിരം സമിതികളും ഭരണ സമിതിയും ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. 80 കോടി രൂപയാണ് തൻവർഷം ജില്ലാപഞ്ചായത്ത് പൊതു മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയത്. ഇതിൽ 48.44 കോടിയും ചെലവഴിക്കാനായിട്ടില്ല എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി കാണേണ്ടതാണ്.

1-5-1 29 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നഷ്ടമായി

സമയബന്ധിതമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ സാധിക്കാത്തതിനാൽ ജില്ലാപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ ₹12,97,87,416/- ലാപ്സായി. വികസന കാര്യത്തിലും അടിസ്ഥാന സൗകര്യ ലഭ്യതയുടെ കാര്യത്തിലും പിന്നോക്കം നിൽക്കുന്ന ജില്ലയ്ക്ക് നഷ്ടമായത് 12 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ്. അടിസ്ഥാന തലങ്ങളിലുള്ള വികസനങ്ങൾക്ക് വേണ്ടി ജില്ലാപഞ്ചായത്തിന് ലഭിക്കുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകൾ വിനിയോഗിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താതിരിക്കുന്നത് വരുംവർഷങ്ങളിൽ ഫണ്ട് ലഭ്യത കുറയുന്നതിന് സാഹചര്യമൊരുക്കും. ലഭ്യമാകുന്ന ധനസഹായങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

തൻവർഷം ലാപ്സായ ഫണ്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | | അലോട്ട്മെന്റ് ₹ ( എ) | ചെലവ് ₹ ( ബി) | അലോട്ട്മെന്റിന്റെ 80% ₹ (സി) | ലാപ്സായ തുക ₹ (സി-ബി) |
|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 221967270 | 173258717 | 177573816 | 4315099 |
| | പട്ടിക ജാതി വിഭാഗം | 139635969 | 66977657 | 111708775 | 44731118 |
| | പട്ടിക വർഗ്ഗ വിഭാഗം | 37974020 | 28542697 | 30379216 | 1836519 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 268433468 | 163695536 | 214746774 | 51051238 |
| | റോഡിതരം | 134727246 | 79928325 | 107781797 | 27853472 |
| | | | | ആകെ | 129787416 |

കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 16 കോടിയിലധികം രൂപയിൽ 9 കോടിയോളം രൂപ ചെലവഴിക്കാതെ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | ബാക്കി തുക അക്കൗണ്ടിൽ ₹ |
|---|---|---|---|
| ഉപാധി രഹിത ഗ്രാന്റ് | 62670978 | 29156672 | 33514306 |
| ഉപാധി ഗ്രാന്റ് | 99147212 | 44128941 | 55018271 |
| | | ആകെ | 88532577 |

സർക്കാരിന്റെ ഉത്തരവും മാനദണ്ഡങ്ങളും അടിസ്ഥാനമാക്കി വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച് തരുന്ന തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ 2023-24 വർഷം വിവിധ ഫണ്ടുകളിലായി 12 കോടിയിലധികം രൂപ അനുവദിച്ച് ലഭിക്കുന്നതിൽ കുറവ് വരുവാൻ സാധ്യത ഉണ്ട്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട് എങ്കിലും ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിന് ഉപയുക്തമായ സൂചിക സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടില്ല. പല നിർമ്മാണ പ്രവർത്തനങ്ങളും പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലും ആസൂത്രണത്തിലും ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

### രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

സ്റ്റോക്ക് രജിസ്റ്ററുകളും ആസ്തി രജിസ്റ്ററും തൃപ്തികരമായി പരിപാലിക്കുന്നില്ല. സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വർഗ്ഗീകരണം, മൂല്യ നിർണ്ണയം എന്നിവ പൂർത്തിയാക്കി ആസ്തി രജിസ്റ്റർ സമഗ്രമാക്കേണ്ടതാണ്.

### വികസന അതോരിറ്റി

മുൻ വർഷ റിപ്പോർട്ടുകളിൽ ചൂണ്ടികാണിച്ചിട്ടും ഇടുക്കി വികസന അതോറിറ്റിയുടെ വരവ്-ചെലവുകൾ ജില്ലാപഞ്ചായത്തിന്റെ ധനകാര്യ പത്രികയുടെ ഭാഗമാക്കാതെ സമാന്തരമായി സൂക്ഷിച്ച് വരികയാണ്. അതോറിറ്റി രൂപീകരണ വേളയിലെ സർക്കാർ നിർദ്ദേശം അനുസരിച്ചാണ് ഇപ്രകാരം ചെയ്ത് വരുന്നത്. വികസന അതോറിറ്റിയുടെ ആസ്തികളും ബാധ്യതകളും പൂർണ്ണമായും ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽ ആയതിനാൽ വരവ്-ചെലവുകൾ ജില്ലാപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാകുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നു

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെട്ടശേഷം എസ്റ്റിമേറ്റ് ഇനങ്ങളിൽ കാതലായ മാറ്റം വരുത്തുന്ന പ്രവണത വ്യാപകമായി കണ്ട് വരുന്നു. കരാറുകാർക്ക് പ്രവൃത്തിയുടെ ഇനങ്ങൾ മനസ്സിലാക്കി ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരം നഷ്ടമാകാൻ ഇത് ഇടയാക്കുന്നുണ്ട്. മത്സരാധിഷ്ഠിത ടെണ്ടർ നടക്കാതെ ജില്ലാപഞ്ചായത്തിന് വൻതോതിലുള്ള സാമ്പത്തിക നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യത ഉണ്ടാകുമെന്നതിനാൽ ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

### മോണിട്ടറിംഗ് അപാകതകൾ

പല നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെടുകയോ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നടത്തുകയോ ചെയ്ത് വരുന്നുണ്ട്. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടം ഉണ്ടാകാത്തത് മൂലമാണ് ഇപ്രകാരം ആവശ്യമില്ലാത്ത പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുന്നതും വൻതുക പാഴ്ചെലവായി മാറുന്നതും. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2021 മുതൽ 10.08.2021 വരെ | 2019-20 | 09.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.03.2021 മുതൽ 31.03.2021 വരെ | 2019-20 | 22.07.2021 |

1-9-1 വാർഷിക കണക്കുകളുടെ അപാകത

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രീസിയേഷൻ ₹ |
|---|---|---|
| 1 | 411330101 Public Ligtning | 1609028 |
| 2 | 411320101 Waterways | 28327758 |

2) അതാത് വർഷങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ മാത്രമാണ് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നത്. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ പൂർത്തിയാക്കി ആസ്തി കണക്കുകൾ സമഗ്രമാക്കിയിട്ടില്ല.

3) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ നീക്കിയിരിപ്പുകൾക്കും എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

4) ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന എസ്.ബി.ഐ. അക്കൗണ്ടിൽ 31.03.2022ൽ ₹6.9 കോടിയിലധികം രൂപ നീക്കിയിരിപ്പ് ഉണ്ട്. പ്രസ്തുത തുക ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ച് പലിശയിനത്തിൽ വരവ് കൂട്ടാവുന്നതാണ്.

1-9-2 അക്കൗണ്ട് ബാലൻസ് വ്യത്യാസം

NABARD Assistance, RMSA എന്നിവയുടെ നീക്കിയിരിപ്പിൽ വാർഷിക ധനകാര്യ പത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരവും ബി-17ഷെഡ്യൂൾ, ആർ.പി. 40(ബി) ഷെഡ്യൂൾ എന്നിവ പ്രകാരവും താഴെ പരാമർശിക്കും പ്രകാരം വ്യതിയാനം ഉണ്ട്.

| ഫണ്ടിനം | ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് ₹ | ബി-17ഷെഡ്യൂൾ, ആർ.പി. 40(ബി) ഷെഡ്യൂൾ എന്നിവ പ്രകാരം നീക്കിയിരിപ്പ് ₹ |
|---|---|---|
| NABARD Assistance | 6422275 | 1000000 |
| RMSA | 11526541 | 1429717 |

വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-3 നീക്കിയിരിപ്പിൽ വ്യതിയാനം

ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ നൽകുന്നു

| ഫണ്ടിനം | ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹ | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് ₹ |
|---|---|---|

| | | |
|---|---|---|
| ഉപാധി ഗ്രാന്റ് | 55018271 | 45285235 |
| ഉപാധി രഹിത ഗ്രാന്റ് | 33514306 | 83543721 |

വ്യതിയാനത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-4 ക്യാപിറ്റൽ വർക്സ്-ഇൻ-പ്രോഗ്രസ് വിവരം ലഭ്യമല്ല

ഓരോ വർഷാവസാനവും നിലനിൽക്കുന്ന പാർട്ട് ബിൽ പെയ്മെന്റ് വിവരങ്ങൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ബി-11(എ) ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന ₹27,19,69,096/-യുടെ കൃത്യത വ്യക്തമല്ല.

1-9-5 ലോൺ വിവരം വ്യക്തമല്ല

2020-21ലെയും 2021-22ലെയും വാർഷിക ധനവിവര പത്രിക പ്രകാരം ₹11,34,608/- ഇ.എം.എസ്. ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കി ഉള്ളതായി കാണുന്നു. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടവ് തുക ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-9-6 പലിശ സംയുക്ത പദ്ധതിയുടെ വരവായി പലിശ ഉൾപ്പെടുത്തിയിരിക്കുന്നു

സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും തൻവർഷം ₹2,97,268/- ലഭിച്ചതായി RP-9 പത്രികയിൽ 320700203 എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഡയാലിസിസ് പദ്ധതിക്ക് ആലക്കോട് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹20,000/- ദേവികുളം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ₹2,00,000/- ഉൾപ്പെടെ ₹2,20,000/- മാത്രമാണ് യഥാർത്ഥ വരവ്. പ്രസ്തുത വരവുകൾക്കൊപ്പം ABC പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ (346702010025415 UBI ചെറുതോണി) ക്രെഡിറ്റ് ചെയ്ത പലിശ ₹77,268/- കൂടി ഉൾപ്പെടുത്തിയാണ് ₹2,97,268/- ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

1-9-7 ശീർഷകം മാറി പോസ്റ്റ് ചെയ്തിരിക്കുന്നു

2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ 746/202-21 നമ്പരായുള്ള പദ്ധതിയിൽ ജി.എസ്.ടി. ഇനത്തിൽ കൺവീനർക്ക് അധികമായി നൽകിയ തുക ₹3,30,272/- തിരികെ അടവാക്കണമെന്നുള്ള 30.11.2021ലെ 18 നമ്പരായുള്ള ഓഡിറ്റ് എൻക്വയറി പ്രകാരം അറിയിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയിലെ കൺവീനറായിരുന്ന ഹൈസ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ആർ. ലതിക പ്രസ്തുത തുക 28.12.2021ലെ 121040100098 നമ്പരായുള്ള രസീത് പ്രകാരം ജില്ലാ പഞ്ചായത്തിൽ അടവാക്കി. എന്നാൽ പ്രസ്തുത തുക 18400101 Recoveries From Employees-Audit Recovery Based On Charge Certificate എന്ന ശീർഷകത്തിൽ ആണ് വരവ് വെച്ചിരിക്കുന്നത്.

1-9-8 RMSA ഫ്ലക്സി അക്കൗണ്ട് ഫിക്സഡ് ഡെപ്പോസിറ്റ് ആയി രേഖപ്പെടുത്തിയിരിക്കുന്നു

ചെറുതോണി യൂണിയൻ ബാങ്കിലെ 20930 എന്ന RMSA ഫ്ലക്സി അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ₹1,65,72,931/- 420800101 Investments-Fixed Deposits 420800101 എന്ന ശീർഷകത്തിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഖണ്ഡിക 4-6 കാണുക).

1-9-9 ഡെപ്പോസിറ്റ് പ്രവൃത്തി തുക വാർഷിക ധനവിവര പത്രികയിൽ പ്രതിഫലിക്കുന്നില്ല

തൻ വർഷം ആറ് കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ₹50,13,000/- ജില്ലാ ഭൂജല വകുപ്പിന് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് ജില്ലാ ഭൂജലവകുപ്പിന്റെ 20.03.2023ലെ കത്ത് പ്രകാരം പരാമർശിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക വാർഷിക ധനവിവര പത്രികയുടെ ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല.

1-9-10 ലോൺ തുക ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടില്ല

ബി-5, ബി-11 ഷെഡ്യൂളുകൾ പ്രകാരം ലോൺ തുക ഒന്നുതന്നെ (₹11,34,608/-) ആയതിനാൽ പ്രസ്തുത തുക ബി-4 ഷെഡ്യൂളിൽ രേഖപ്പെടുത്തേണ്ടതായിരുന്നെങ്കിലും ആയത് രേഖപ്പെടുത്തിയിട്ടില്ല.

1-10 പഞ്ചവൽസര പദ്ധതി അവലോകനം

2017-18ൽ ആരംഭിച്ച് 2021-22ൽ അവസാനിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ ആകെ പ്രവർത്തനങ്ങളുടെ വിശദാംശം താഴെ നൽകുന്നു.

1. ഫണ്ട് വിനിയോഗം

| | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|

| | ഫണ്ടിനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | പൊതു വിഭാഗം | 578206109 | 224686672 | 38.86 | 604965150 | 317635764 | 52.50 | 581310673 | 260993555 | 44.90 |
| | പട്ടിക ജാതി വിഭാഗം | 178583833 | 66157951 | 37.05 | 168527282 | 75393850 | 44.74 | 155341622 | 47226672 | 30.40 |
| | പട്ടിക വർഗ്ഗം | 65607000 | 19632398 | 29.92 | 78574070 | 43699000 | 55.62 | 56609059 | 27450412 | 48.49 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 38409545 | 1800000 | 4.69 | 64286045 | 15895527 | 24.73 | 49600026 | 8749744 | 17.64 |
| തനത് ഫണ്ട് | | 27261910 | 19117954 | 70.13 | 37398976 | 19552347 | 52.28 | 41394374 | 16343598 | 39.48 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 1800000 | 0 | 0.00 | 60000 | 0 | 0.00 | 36005000 | 0 | 0.00 |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | | 10800000 | 0 | 0.00 | 5400000 | 400000 | 7.41 | 5000000 | 1050000 | 21.00 |
| സംരക്ഷണ ഫണ്ട് | റോഡ് | 376815382 | 180074027 | 47.79 | 318754124 | 152299245 | 47.78 | 316249886 | 90218095 | 28.53 |
| | റോഡിതരം | 129703446 | 63020465 | 48.59 | 112670872 | 43422311 | 38.54 | 109661766 | 38140125 | 34.78 |
| മറ്റുള്ളവ | | 910763005 | 311111 | 0.03 | 153074500 | 13518483 | 8.83 | 64705951 | 3369550 | 5.21 |
| | | 2317950230 | 574800578 | 24.80 | 1543711019 | 681816527 | 44.17 | 1415878357 | 493541751 | 34.86 |

| | | 2020-21 | | | 2021-22 | | |
|---|---|---|---|---|---|---|---|
| | ഫണ്ടിനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
| വികസന ഫണ്ട് - പൊതു വിഭാഗം | പൊതു വിഭാഗം | 466432622 | 362865985 | **77.80** | 228396147 | 173258717 | **75.86** |
| | പട്ടിക ജാതി വിഭാഗം | 155363940 | 100460063 | **64.66** | 145913194 | 66977657 | **45.90** |
| | പട്ടിക വർഗ്ഗം | 57467267 | 36322961 | **63.21** | 40311357 | 28542697 | **70.81** |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 32316030 | 6901575 | **21.36** | 19637300 | 0 | **0.00** |
| തനത് ഫണ്ട് | | 65493908 | 24623045 | **37.60** | 68140150 | 31631463 | **46.42** |
| മറ്റ് ഗ്രാമ പഞ്ചായത്ത് | | 77525000 | 273600 | **0.35** | 125000 | 0 | **0.00** |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | | 16000000 | 1869823 | **11.69** | 500000 | 0 | **0.00** |
| സംരക്ഷണ ഫണ്ട് | റോഡ് | 345359088 | 218609240 | **63.30** | 288435550 | 163695536 | **56.75** |
| | റോഡിതരം | 121466271 | 72986107 | **60.09** | 137412355 | 79928325 | **58.17** |
| മറ്റുള്ളവ | | 57533664 | 803289 | **1.40** | 40713691 | 12301966 | **30.22** |
| ധനകാര്യ കമ്മീഷൻ | | 133540000 | 74255677 | **55.61** | 179740620 | 32989234 | **18.35** |
| പ്രത്യേക ഗ്രാന്റ് | | 1500000 | 0 | **0.00** | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | 12036001 | 0 | **0.00** |
| | | | | | | | |

| | അടങ്കൽ ₹ | ചെലവ് ₹ | |
|---|---|---|---|
| 2017-18 | 2317950230 | 574800578 | 24.80 |
| 2018-19 | 1543711019 | 681816527 | 44.17 |
| 2019-20 | 1415878357 | 493541751 | 34.86 |
| 2020-21 | 1529997790 | 899971365 | 58.82 |
| 2021-22 | 1161361365 | 589325595 | 50.74 |

| | | | |
|---|---|---|---|
| | 7968898761 | 3239455816 | 40.65 |

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ആകെ ലഭ്യമായ ₹7,96,88,98,761/-യിൽ ₹3,23,94,55,816/- മാത്രമാണ് ചെലവഴിച്ചത്. അതായത് ലഭ്യമായ തുകയുടെ 60%വും നഷ്ടപ്പെടുകയാണുണ്ടായത്. വികസന രംഗത്ത് സാമൂഹ്യകമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന മലയോര ജില്ലയിൽ സർക്കാർ അനുവദിച്ച ധനസഹായത്തിന്റെ 60% നഷ്ടമായി എന്നുള്ളത് ഗൗരവതരമായ വസ്തുതയാണ്. പ്രാദേശിക വികസനം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ആവിഷ്കരിച്ച ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ അന്തഃസത്തയെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിലായിരുന്നു പഞ്ചവത്സര പദ്ധതികാലത്തെ ഫണ്ട് വിനിയോഗം.

1. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ട് വിനിയോഗം

| | 2017-18 | | | 2018-19 | | | 2019-20 | | |
|---|---|---|---|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
| സെക്രട്ടറി | 1000321071 | 84888605 | 8.49 | 213870506 | 105568329 | 49.36 | 117773246 | 47611517 | 40.43 |
| പ്രോജക്ട് ഓഫീസർ - ഐ.റ്റി.ഡി.പി. | 0 | 0 | 0.00 | 1240000 | 346142 | 27.91 | 2586088 | 300088 | 11.60 |
| ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 7590156 | 1795217 | 23.65 | 6490156 | 3574000 | 55.07 | 5416156 | 687960 | 12.70 |
| ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 18600000 | 1102920 | 5.93 | 6750000 | 238000 | 3.53 | 1500000 | 999928 | 66.66 |
| അസി. ഡയറക്ടർ കൃഷി | 12711111 | 8896612 | 69.99 | 0 | 0 | 0.00 | 0 | 0 | 0.00 |
| ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | 8700000 | 5371967 | 61.75 | 2625000 | 0 | 0.00 | 5430000 | 2400000 | 44.20 |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 6000000 | 0 | 0.00 | 11000000 | 1000000 | 9.09 | 5150000 | 1050000 | 20.39 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 0 | 0 | 0.00 | 8500000 | 5787480 | 68.09 | 13712520 | 5152440 | 37.57 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 31000000 | 31000000 | 100.00 | 25800000 | 24702278 | 95.75 | 39097722 | 1975440 | 5.05 |
| ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 18322000 | 5343050 | 29.16 | 15996000 | 2999923 | 18.75 | 13005125 | 7048130 | 54.20 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3500000 | 3500000 | 100.00 | 2000000 | 2000000 | 100.00 | 3500000 | 2440000 | 69.71 |
| എക്സി. എഞ്ചനീയർ LID & EW | 592525398 | 297404068 | 50.19 | 161483447 | 73853822 | 45.73 | 43330534 | 4965305 | 11.46 |
| പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജ്ജനം | 36957875 | 36922042 | 99.90 | 140462498 | 138775604 | 98.80 | 122662000 | 105426100 | 85.95 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1500000 | 0 | 0.00 | 2855284 | 2424021 | 84.90 | 1931260 | 738739 | 38.25 |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4500000 | 4500000 | 100.00 | 4343985 | 4343985 | 100.00 | 6000000 | 6000000 | 100.00 |
| ചീഫ് മെഡിക്കൽ | 1000000 | 1000000 | 100.00 | 1000000 | 1000000 | 100.00 | 1000000 | 1000000 | 100.00 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഓഫീസർ (ഹോമിയോ) | | | | | | | | | |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 568722619 | 90797718 | 15.97 | 937927806 | 314736606 | 33.56 | 1033783706 | 305746104 | 29.58 |
| ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | 1500000 | 133663 | 8.91 | 1366337 | 466337 | 34.13 | | | |
| ചീഫ് മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 4500000 | 2144716 | 47.66 | 0 | 0 | 0 | | | |
| ആകെ | 2317950230 | 574800578 | 24.80 | 1543711019 | 681816527 | 44.17 | 1415878357 | 493541751 | 34.86 |

| | 2020-21 | | | 2021-22 | | | |
|---|---|---|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | അടങ്കൽ |
| സെക്രട്ടറി | 114041663 | 75218801 | 65.96 | 149799870 | 100972850 | 67.41 | 114041663 |
| പ്രോജക്ട് ഓഫിസർ ഐ.റ്റി.ഡി.പി | 3786000 | 256920 | 6.79 | 2210069 | 1061248 | 48.02 | 3786000 |
| ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 5000000 | 4552352 | 91.05 | 1544845 | 1544845 | 100.00 | 5000000 |
| ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 500000 | 0 | 0.00 | 545000 | 543800 | 99.78 | 500000 |
| അസി. ഡയറക്ടർ കൃഷി | 730000 | 0 | 0.00 | 8100000 | 0 | 0.00 | 730000 |
| ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | 2500000 | 2499900 | 100.00 | 2507500 | 2506367 | 99.95 | 2500000 |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ | 4020000 | 340000 | 8.46 | 22230156 | 5340000 | 24.02 | 4020000 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 10020700 | 5494477 | 54.83 | 4800000 | 4446961 | 92.65 | 10020700 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 37122282 | 9037498 | 24.35 | 28603880 | 28058045 | 98.09 | 37122282 |
| ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 33706995 | 9705803 | 28.79 | 11483796 | 11482427 | 99.99 | 33706995 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 60000 | 60000 | 100.00 | 17566138 | 17531023 | 99.80 | 60000 |
| എക്സി എഞ്ചനീയർ LID & EW | 2080404 | 1026457 | 49.34 | 13903581 | 13717510 | 98.66 | 2080404 |
| പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജ്ജനം | 104093300 | 103730000 | 99.65 | 86114696 | 86046630 | 99.92 | 104093300 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 63260155 | 16836572 | 26.61 | 20500000 | 10083163 | 49.19 | 63260155 |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4700000 | 4700000 | 100.00 | 2500000 | 2500000 | 100.00 | 4700000 |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1000000 | 1000000 | 100.00 | 1600000 | 1600000 | 100.00 | 1000000 |
| അസി. എക്സി എഞ്ചിനീയർ | 1143376291 | 665512585 | 58.21 | 786168114 | 301890726 | 38.40 | 1143376291 |
| ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | | 3 | | 1183720 | 0 | 0.00 | |
| ചീഫ് മെഡിക്കൽ ഓഫീസർ (ആരോഗ്യം) | | | | | | | |
| ആകെ | 1529997790 | 899971365 | 58.82 | 1161361365 | 589325595 | 50.74 | 1529997790 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പഞ്ചവത്സര പദ്ധതിയിലെ ആകെ | | |
|---|---|---|---|
| | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
| സെക്രട്ടറി | 1595806356 | 414260102 | 25.96 |

| | | | |
|---|---|---|---|
| പ്രോജക്ട് ഓഫിസർ ഐ.റ്റി.ഡി.പി | 9822157 | 1964398 | 20.00 |
| ഡെപ്യൂട്ടി ഡയറക്ടർ കൃഷി | 26041313 | 12154374 | 46.67 |
| ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം | 27895000 | 2884648 | 10.34 |
| അസി. ഡയറക്ടർ കൃഷി | 21541111 | 8896612 | 41.30 |
| ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം | 21762500 | 12778234 | 58.72 |
| ജില്ലാ മിഷൻ കോ-ഓർഡിനേറ്ററ് കുടുംബശ്രീ | 48400156 | 7730000 | 15.97 |
| ജില്ലാ പട്ടിക ജാതി വികസന ഓഫീസർ | 37033220 | 20881358 | 56.39 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 161623884 | 94773261 | 58.64 |
| ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | 92513916 | 36579333 | 39.54 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26626138 | 25531023 | 95.89 |
| എക്സി എഞ്ചിനീയർ LID & EW | 813323364 | 390967162 | 48.07 |
| പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ നിർമ്മാർജ്ജനം | 490290369 | 470900376 | 96.05 |
| ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 90046699 | 30082495 | 33.41 |
| ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22043985 | 22043985 | 100.00 |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 5600000 | 5600000 | 100.00 |
| അസി. എക്സി എഞ്ചിനീയർ | 4469978536 | 1678683739 | 37.55 |
| ഫാം സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | 4050057 | 600000 | 14.81 |
| ചീഫ് മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 4500000 | 2144716 | 47.66 |
| ആകെ | 7968898761 | 3239455816 | 40.65 |

കൃഷിയും മൃഗസംരക്ഷണവുമാണ് ഇടുക്കി ജില്ലയിലെ ഭൂരിപക്ഷത്തിന്റെയും ജീവനോപാധി എന്നിരിക്കെ പഞ്ചവത്സര പദ്ധതിയിൽ ഈ മേഖലയിലെ പ്രവർത്തനം നിരാശാജനകമാണ്. അതുപോലെ തന്നെ പശ്ചാത്തല സൗകര്യങ്ങളിലും വിദ്യാഭ്യാസ മേഖലയിലും വളരെ പിന്നിൽ നിൽക്കുന്ന ജില്ലയിൽ ഈ മേഖലയിൽ വകയിരുത്തുന്ന തുകയിൽ പകുതി പോലും ചെലവഴിക്കുന്നില്ല. ഈ മേഖലകളിലെ കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിലെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | | | |
|---|---|---|---|
| വർഷം | പഞ്ചവത്സര പദ്ധതിയിലെ ആകെ | | |
| | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
| 2017-18 | 12711111 | 8896612 | 69.99 |
| 2018-19 | 0 | 0 | 0.00 |
| 2019-20 | 0 | 0 | 0.00 |
| 2020-21 | 730000 | 0 | 0.00 |
| 2021-22 | 8100000 | 0 | 0.00 |
| ആകെ | 21541111 | 8896612 | 41.30 |

| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | |
|---|---|
| വർഷം | പഞ്ചവത്സര പദ്ധതിയിലെ ആകെ |

| | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| 2017-18 | 18600000 | 1102920 | 5.93 |
| 2018-19 | 6750000 | 238000 | 3.53 |
| 2019-20 | 1500000 | 999928 | 66.66 |
| 2020-21 | 500000 | 0 | 0.00 |
| 2021-22 | 545000 | 543800 | 99.78 |
| ആകെ | 27895000 | 2884648 | 10.34 |

<u>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത്</u>

| വർഷം | പഞ്ചവത്സര പദ്ധതിയിലെ ആകെ | | |
|---|---|---|---|
| | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
| 2017-18 | 568722619 | 90797718 | 15.97 |
| 2018-19 | 937927806 | 314736606 | 33.56 |
| 2019-20 | 1033783706 | 305746104 | 29.58 |
| 2020-21 | 1143376291 | 665512585 | 58.21 |
| 2021-22 | 786168114 | 301890726 | 38.40 |
| ആകെ | 4469978536 | 1678683739 | 37.55 |

| ഫാം സൂപ്രണ്ട് , ജില്ലാ കൃഷിത്തോട്ടം | | | |
|---|---|---|---|
| വർഷം | പഞ്ചവത്സര പദ്ധതിയിലെ ആകെ | | |
| | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
| 2017-18 | 1500000 | 133663 | 8.91 |
| 2018-19 | 1366337 | 466337 | 34.13 |
| 2019-20 | 0 | 0 | 0.00 |
| 2020-21 | 0 | 0 | 0.00 |
| 2021-22 | 1183720 | | 0.00 |
| ആകെ | 4050057 | 600000 | 14.81 |

പട്ടിക വർഗ്ഗ വിഭാഗത്തിന്റെ വികസനത്തിന് വേണ്ടി 2017-18ൽ തുക വകയിരുത്തിയില്ല. തുടർന്നുള്ള വർഷങ്ങളിൽ തുക വകയിരുത്തിയെങ്കിലും ആകെ ചെലവ് 20% മാത്രമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് ഓഫീസർ ഐ.റ്റി.ഡി.പി. | | | |
|---|---|---|---|
| വർഷം | പഞ്ചവത്സര പദ്ധതിയിലെ ആകെ | | |
| | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
| 2017-18 | 0 | 0 | 0 |
| 2018-19 | 1240000 | 346142 | 27.91 |
| 2019-20 | 2586088 | 300088 | 11.60 |
| 2020-21 | 3786000 | 256920 | 6.79 |
| 2021-22 | 2210069 | 1061248 | 48.02 |
| ആകെ | 9822157 | 1964398 | 20.00 |

വരും വർഷത്തെ പദ്ധതികളിൽ ജില്ലയുടെ എല്ലാ മേഖലകളിലും സന്തുലിതവും സമഗ്രവും ആയ വികസനം ഉറപ്പ് വരുത്തുന്ന രീതിയിൽ വിശദമായ ചർച്ചകളിലൂടെ പദ്ധതികൾ ആവിഷ്കരിക്കുകയും യഥാസമയം നിർവ്വഹണം നടക്കുന്നു എന്ന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണസമിതിയും ഉറപ്പാക്കേണ്ടതാണ്. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-11 ജില്ലാ കൃഷിഭവന്റെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പിൽ അവ്യക്തത

അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിന് നടീൽ വസ്തുക്കളും കാർഷികോൽപ്പന്നങ്ങളും വിറ്റ വകയിൽ വിവിധ കൃഷിഭവനുകളിൽ നിന്ന് ലഭ്യമാകുന്ന തുകകൾ ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഫാം സൂപ്രണ്ടിന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക്, തൊടുപുഴ ശാഖയിലുള്ള 67187415539 നമ്പർ അക്കൗണ്ടിലാണ് ഒടുക്കുന്നത്. 31.03.2022ൽ ക്യാഷ് ബുക്കിൽ ബാങ്ക് നീക്കിയിരിപ്പ് ₹9,238/-യാണ്. എന്നാൽ 31.03.2022ലെ പാസ്സ് ബുക്ക് നീക്കിയിരിപ്പ് ₹23,12,736.85 ഉണ്ട്. കാർഷികോൽപ്പന്നങ്ങളുടെ വിറ്റ് വരവ് സമയബന്ധിതമായി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നില്ല എന്ന് നീക്കിയിരിപ്പിൽ നിന്ന് വ്യക്തമാണ്. തിരിച്ചറിയാനാവാത്ത 23 ലക്ഷം രൂപയിൽ പിന്നീട് സ്ഥാപനം 11 ലക്ഷത്തോളം രൂപ തിരിച്ചറിഞ്ഞ് അതത് ഹെഡുകളിലേക്ക് ക്രമീകരിച്ചു. 14.06.2022ലെ ക്യാഷ് ബുക്ക് പ്രകാരം ബാങ്ക് നീക്കിയിരിപ്പായി ₹83,460/-യാണ് ഉണ്ടാകേണ്ടത്. എന്നാൽ 14.06.2022ലെ പാസ്സ് ബുക്ക് നീക്കിയിരിപ്പായി യഥാർത്ഥത്തിൽ ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ടിൽ ₹12,02,338.85 യുണ്ട്. തിരിച്ചറിയാനാവാത്ത ₹11,18,878.85 (1202338.85-83460) ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക്

ഒടുക്കേണ്ടതാണ്. ഗണ്യമായ നീക്കിയിരിപ്പ് അക്കൗണ്ടിൽ നിലനിർത്താതെ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-12 നടീൽ വസ്തുക്കൾ വിറ്റ വകയിൽ ലഭിക്കാനുള്ള ₹7,500/- ലഭ്യമായിട്ടില്ല

അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും നടീൽ വസ്തുക്കളും കാർഷികോൽപ്പന്നങ്ങളും വിറ്റ വകയിൽ ലഭിക്കേണ്ട തുക, വിവിധ കൃഷിഭവനുകളിൽ നിന്നും പൂർണ്ണമായും ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററിൽ വർഷാന്ത്യം വാർഷിക സംക്ഷിപ്തം (ഡിമാന്റ്-കളക്ഷൻ-ബാലൻസ്) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു. ഈയിനത്തിൽ ഇൻവോയ്സ് തുകയുടെ 50 ശതമാനമാണ് ഈടാക്കേണ്ടത്. വിവിധ സ്ഥാപനങ്ങളുടെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇനം | ഇൻവോയ്സ് നമ്പർ & തീയതി, തുക (₹) | തുക (₹) |
|---|---|---|---|---|
| 1 | കൃഷി ഭവൻ അറക്കുളം | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-1 NG/IDK/2021/തീ/: 03.09.2021 ₹2500/- | 1250 |
| 2 | കൃഷി ഭവൻ കഞ്ഞിക്കുഴി | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-2 NG/IDK/2021/തീ:03.09.2021 ₹2500/- | 1250 |
| 3 | കൃഷി ഭവൻ കാമാക്ഷി | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-3 NG/IDK/2021/തീ: 03.09.2021 ₹2500/- | 1250 |
| 4 | കൃഷി ഭവൻ മരിയപുരം | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-4 NG/IDK/2021/തീ: 03.09.2021 ₹2500/- | 1250 |
| 5 | കൃഷി ഭവൻ വാഴത്തോപ്പ് | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-5 NG/IDK/2021/തീ: 03.09.2021 ₹2500/- | 1250 |
| 6 | കൃഷി ഭവൻ വാത്തിക്കുടി | ന്യൂട്രീഷണൽ ഗാർഡൻ (25 യൂണിറ്റ്) | INV-6 NG/IDK/2021/തീ :03.09.2021 ₹2500/- | 1250 |
| | | | ആകെ | 7500 |

വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള ₹7,500/- അടിയന്തിരമായി ഈടാക്കി ജില്ലാ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

### 1-13 അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ വിശ്രമ മുറികൾ വൈദ്യുതീകരണം - പദ്ധതി രൂപീകരിക്കാതെ ചെലവ് നടത്തി

അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിലെ തൊഴിലാളികളുടെ വിശ്രമ മുറി വൈദ്യുതീകരിക്കുന്നതിന്റെ എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2021ലെ എ3/2851/2015 നമ്പർ ഉത്തരവ് അനുസരിച്ചാണ് ചെക്ക് നമ്പർ 955763/03.11.2021 (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഇടുക്കി) പ്രകാരം ₹1,88,000/- അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയത് പൊതുമരാമത്ത് വകുപ്പാണ്. ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് പ്രിൻസിപ്പൽ കൃഷി ഓഫീസറും നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ടുമാണ്. ജില്ലാപഞ്ചായത്തിന്റെ ഘടക സ്ഥാപനമായതിനാൽ ഫാമിന്റെ ആവശ്യം പരിഗണിച്ച് പ്രോജക്ട് രൂപീകരിക്കാത്തതും അംഗീകാരം വാങ്ങാതെ തുക കൈമാറിയതും ക്രമവിരുദ്ധമാണ്. പദ്ധതി പൂർത്തീകരിച്ചതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-14 വൈദ്യുതി ചാർജ്ജ് യഥാസമയം ഒടുക്കുന്നതിൽ വീഴ്ച

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിന്റെ കണ്ടിജന്റ് ചെലവുകൾക്ക് ₹35,000/- ജില്ലാ പഞ്ചായത്ത് മുൻകൂറായി അനുവദിച്ച് വരികയാണ് ചെയ്യുന്നത്. വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ ഈ തുകയിൽ നിന്നുമാണ് വഹിക്കുന്നത്. 2022 മെയ് മാസത്തിൽ വൈദ്യുതി ചാർജ്ജ് വൈകി ഒടുക്കിയതിനാൽ സർചാർജ്ജ് അടച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നമ്പർ | ബിൽ തീയതി | ബില്ല് പ്രകാരം അടക്കേണ്ട കറന്റ് ചാർജ്ജ് | അരിയർ തുക ₹ | സർചാർജ് തുക ₹ | ആകെ അടക്കേണ്ട തുക ₹ |
|---|---|---|---|---|---|---|
| 1 | 1156189006572 | 26.05.2022 | 4397 | 6290 | 172 | 10859 |
| 2 | 1156181011163 | 26.05.2022 | 2609 | 2650 | 126 | 5385 |
| | | ആകെ | 7006 | 8940 | 298 | 16244 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/2021-22/തീയതി. 08.07.2022) ജില്ലാ പഞ്ചായത്തിൽ നിന്നും തുക ലഭിക്കുന്നതിലെ കാലതാമസം മൂലമാണ് വൈദ്യുതി ചാർജ്ജ് സമയബന്ധിതമായി ഒടുക്കുവാൻ കഴിയാത്തത് എന്ന മറുപടിയാണ് ലഭ്യമായത്. വൈദ്യുതി ചാർജ്ജ് യഥാസമയം അടയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-15 വരവ് തുക യഥാസമയം ബാങ്കിൽ അടയ്ക്കുന്നില്ല

അരിക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും നടീൽ വസ്തുക്കളും കാർഷികോൽപന്നങ്ങളും വിറ്റ വകയിൽ ദൈനംദിനം ലഭ്യമാകുന്ന തുകകൾ ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഫാം സൂപ്രണ്ടിന്റെ പേരിലുള്ള അക്കൗണ്ടിൽ അടയ്ക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ ദീർഘനാളുകൾക്ക് ശേഷം ജില്ലാ പഞ്ചായത്തിൽ നേരിട്ട് അടച്ചുവരുകയാണ് ചെയ്യുന്നത്. വിവിധ കൃഷിഭവനകളിൽ നിന്ന് ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്ന തുകകൾക്കുള്ള ചെക്കും രസീത് പ്രകാരം ഫാമിൽ നേരിട്ട് പിരിക്കുന്ന തുക ക്യാഷായും ജില്ലാ പഞ്ചായത്തിൽ അടച്ച് വരികയാണ് ചെയ്യുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്യാഷ് സ്വീകരിച്ച തീയതി | | ആകെ ലഭിച്ച തുക (₹) | ജില്ലാ പഞ്ചായത്തിൽ അടച്ച തീയതി | ഒടുക്കിയ രസീത് നമ്പർ | കാലതാമസം (ദിവസം) |
|---|---|---|---|---|---|---|
| | മുതൽ | വരെ | | | | |
| 1 | 23.03.2021 | 12.04.2021 | 48257 | 15.04.2021 | 121040100007 | 22 |
| 2 | 13.04.2021 | 20.04.2021 | 46334 | 22.04.2021 | 121040100010 | 9 |
| 3 | 21.04.2021 | 28.04.2021 | 21334 | 29.04.2021 | 121040100016 | 8 |
| 4 | 29.04.2021 | 28.05.2021 | 34010 | 31.05.2021 | 121040100018 | 2 |
| 5 | 31.05.2021 | 11.06.2021 | 57380 | 14.06.2021 | 121040100023 | 14 |
| 6 | 14.06.2021 | 23.06.2021 | 57379 | 25.06.2021 | 121040100024 | 11 |
| 7 | 25.06.2021 | 06.07.2021 | 28756 | 08.07.2021 | 121040100031 | 13 |
| 8 | 07.07.2021 | 14.07.2021 | 61270 | 15.07.2021 | 121040100032 | 8 |
| 9 | 15.07.2021 | 22.07.2021 | 45709 | 23.07.2021 | 121040100033 | 8 |
| 10 | 23.07.2021 | 29.07.2021 | 55442 | 30.07.2021 | 121040100039 | 7 |
| 11 | 30.07.2021 | 06.08.2021 | 41055 | 09.08.2021 | 121040100045 | 10 |
| 12 | 09.08.2021 | 19.08.2021 | 64584 | 24.08.2021 | 121040100049 | 15 |
| 13 | 20.08.2021 | 26.08.2021 | 22779 | 27.08.2021 | 121040100050 | 7 |
| 14 | 27.08.2021 | 06.09.2021 | 80023 | 07.09.2021 | 121040100053 | 11 |
| 15 | 07.09.2021 | 16.09.2021 | 37021 | 17.09.2021 | 121040100058 | 10 |
| 16 | 17.09.2021 | 28.09.2021 | 101708 | 29.09.2021 | 121040100064 | 12 |
| 17 | 29.09.2021 | 11.10.2021 | 26831 | 12.10.2021 | 121040100067 | 13 |
| 18 | NEFT വഴി ലഭിച്ച തുക | | 2523020 | 12.10.2021 | 121040500012 | - |
| 19 | 12.10.2021 | 26.10.2021 | 76803 | 27.10.2021 | 121040100070 | 15 |
| 20 | 27.10.2021 | 02.11.2021 | 29237 | 03.11.2021 | 121040100074 | 7 |

| | | | | | | |
|---|---|---|---|---|---|---|
| 21 | 03.11.2021 | 06.11.2021 | 22884 | 08.11.2021 | 121040100078 | 5 |
| 22 | 08.11.2021 | 17.11.2021 | 49621 | 18.11.2021 | 121040100082 | 10 |
| 23 | 19.11.2021 | 07.12.2021 | 25870 | 08.12.2021 | 121040100087 | 19 |
| 24 | 08.12.2021 | 14.12.2021 | 33353 | 15.12.2021 | 121040100092 | 7 |
| 25 | NEFT വഴി ലഭിച്ച തുക | | 2392884 | 15.12.2021 | 121040500021 | - |
| 26 | 15.12.2021 | 18.12.2021 | 25756 | 20.12.2021 | 121040100096 | 5 |
| 27 | 20.12.2021 | 12.01.2022 | 62401 | 13.01.2022 | 121040100103 | 24 |
| 28 | 13.01.2022 | 28.01.2022 | 46169 | 29.01.2022 | 121040100106 | 16 |
| 29 | 29.01.2022 | 09.02.2022 | 55174 | 10.02.2022 | 121040100110 | 12 |
| 30 | 10.02.2022 | 21.02.2022 | 85537 | 22.02.2022 | 121040100114 | 12 |
| 31 | 22.02.2022 | 25.02.2022 | 22155 | 26.02.2022 | 121040100116 | 4 |
| 32 | 26.02.2022 | 10.03.2022 | 61343 | 11.03.2022 | 121040100118 | 13 |
| 33 | NEFT വഴി ലഭിച്ച തുക | | 80000 | 11.03.2022 | 121040500025 | - |
| 34 | 11.03.2022 | 18.04.2022 | 30213 | 19.04.2022 | 122040100007 | 8 |
| 35 | NEFT വഴി ലഭിച്ച തുക | | 1204702 | 19.04.2022 | 122040500003 | - |
| 36 | 19.04.2022 | 28.04.2022 | 45059 | 30.04.2022 | 122040100011 | 11 |
| 37 | 30.04.2022 | 19.05.2022 | 57457 | 23.05.2022 | 122040100020 | 23 |
| 38 | NEFT വഴി ലഭിച്ച തുക | | 29904 | 23.05.2022 | 122040500010 | - |
| 39 | 23.05.2022 | 03.06.2022 | 33447 | 06.06.2022 | 122040100025 | 14 |
| 40 | NEFT വഴി ലഭിച്ച തുക | | 11987 | 06.06.2022 | 122040500011 | - |

പിരിവ് തുകകൾ ദീർഘനാൾ കൈവശം സൂക്ഷിക്കുന്ന നടപടി അനുവദനീയമല്ല. ആകയാൽ രസീത് പ്രകാരം ഫാമിൽ നേരിട്ട് പിരിക്കുന്ന തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം ഫാം സൂപ്രണ്ടിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 7(2) കൂടി കാണുക) ഹ്രസ്വമായ ഇടവേളകളിൽ ജില്ലാപഞ്ചായത്ത് ഫണ്ടിൽ/അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം യഥാസമയം ജില്ലാ പഞ്ചായത്തിനെ അറിയിക്കേണ്ടതും ജില്ലാ പഞ്ചായത്തിൽ നിന്ന് സാംഖ്യ രസീത് ലഭ്യമാക്കി കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

### 1-16 മരം ലേലം ചെയ്തതിലെ അപാകത - നഷ്ടം ₹23,537/-

കോലാനി ജില്ലാ കോഴിവളർത്തൽ കേന്ദ്രത്തിൽ അപകടകരമായി നിന്ന ആഞ്ഞിലി മരം ലേലം ചെയ്യുന്നതിന് ഇടുക്കി സോഷ്യൽ ഫോറസ്ട്രി, അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ 31.05.2021ലെ എ1-551/2020 നമ്പർ കത്ത് പ്രകാരം ₹31,537/- മൂല്യം നിർണ്ണയിച്ചു. ആദ്യം നടത്തിയ രണ്ട് ലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ 22.02.2022ൽ നടത്തിയ മൂന്നാമത്തെ ലേലത്തിൽ ₹8,000/- ലേലം വിളിച്ച ശ്രീ. സജീവ് കോലോത്ത് എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകി. വനം വകുപ്പ് നിർണ്ണയിച്ച മൂല്യമായ ₹31,537/-ൽ ലേലം ആരംഭിക്കാതെ ₹6,500/-ൽ ലേലം ആരംഭിച്ചത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/തീ. 08.07.2022) സമർപ്പിച്ച മറുപടിയിൽ ശ്രീ. സജീവ് കോലോത്തിന് ₹8,000/-ൽ ലേലം ഉറപ്പിച്ച് നൽകിയത് ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 30.03.2022ലെ സാധാരണ യോഗത്തിലെ 7/1 നമ്പർ തീരുമാന പ്രകാരം ആണെന്നാണ് അസി. ഡയറക്ടർ (പി) അറിയിച്ചിട്ടുള്ളത്. പ്രാരംഭ ലേലത്തുക ₹6,500/-യായി നിശ്ചയിച്ചത് എപ്രകാരമാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/2021-22/തീയതി. 03.08.2022) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17 നടപടി ക്രമങ്ങൾ പാലിക്കാതെ ലാപ്ടോപ്പുകളും പ്രിന്ററും വാങ്ങാൻ തുക കൈമാറിയത് ക്രമ പ്രകാരമല്ല

കോലാനി ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിലേക്ക് 3 ലാപ്ടോപ്പുകളും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2021ലെ എ3/3750/2010 നമ്പർ ഉത്തരവ് പ്രകാരം ₹1,01,705/- അനുവദിക്കുകയുണ്ടായി. മൃഗ സംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറാണ് ജില്ലാ കോഴി വളർത്തൽ കേന്ദ്രത്തിലെ പദ്ധതികൾ നടപ്പിലാക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ. പ്രോജക്റ്റ് രൂപീകരിക്കാതെയും അംഗീകാരം വാങ്ങാതെയും ജില്ലാ പഞ്ചായത്തിൽ നിന്നും ചെക്ക് നം. 955764/08.11.2021 പ്രകാരം തുക ചെലവഴിച്ചത് ക്രമ പ്രകാരമല്ല. Kerala State IT Missionന്റെ 799011400003959 നമ്പർ അക്കൗണ്ടിൽ ₹1,01,705/- 12.11.2021ന് നിക്ഷേപിച്ചെങ്കിലും 3 ലാപ്ടോപ്പുകളും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും ഇതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/2021-22/തീയതി. 08.07.2022) സമർപ്പിച്ച മറുപടിയിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി 3 ലാപ്ടോപ്പുകളും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 23.09.2021ലെ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് തുക അനുവദിച്ച് നിക്ഷേപിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട സാധനങ്ങൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അവ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും വീഴ്ച ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-18 കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാം - അവലോകനം

1. പിരിവ് തുക ഒടുക്കിയ വേളയിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് സാംഖ്യ രസീത് ലഭ്യമായില്ല

ഫാമിൽ ഉൽപ്പാദിപ്പിച്ച നെൽവിത്തുകളും തേൻ, പാൽ, മറ്റ് കാർഷികോൽപ്പന്നങ്ങൾ എന്നിവയും വിറ്റ വകയിൽ ലഭിച്ച തുക ₹9,48,246/- 25.04.2022ന് സ്റ്റേറ്റ് ബാങ്ക് കരിമണ്ണൂർ ശാഖയിലെ 34393667053 നമ്പർ അക്കൗണ്ടിൽ നിന്ന് ജില്ലാപഞ്ചായത്തിന്റെ 67314675029 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തെങ്കിലും ജില്ലാപഞ്ചായത്തിൽ നിന്ന് സാംഖ്യ രസീത് ലഭ്യമായിട്ടില്ല. വരവ് തുക ജില്ലാപഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2021-22 വർഷത്തിൽ സ്ഥാപനത്തിലേക്ക് ലഭ്യമാകുന്ന വിവിധ വരവ് തുകകൾ സ്വീകരിക്കുന്നതിന് താഴെ വിവരിച്ച രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | രസീത് ബുക്ക് നമ്പർ |
|---|---|
| 1 | 349 |
| 2 | 350 |
| 3 | 351 |
| 4 | 352 |

ഈ രസീത് ബുക്കുകൾ ഉപയോഗിച്ച് തുകകൾ സ്വീകരിക്കുന്നതിന്റെയും ബാങ്കിൽ ഒടുക്കുന്നതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. വരവ് തുക യഥാസമയം ബാങ്കിൽ ഒടുക്കുന്നില്ല

കാർഷികോൽപ്പന്നങ്ങളുടെ വിറ്റുവരവ് ഇനത്തിൽ ലഭ്യമാകുന്ന തുകകൾ അതത് ദിവസമോ തൊട്ടടുത്ത ദിവസമോ സീനിയർ അഗ്രികൾച്ചറൽ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കുന്നില്ല. ലഭ്യമാകുന്ന തുകകൾ ദീർഘനാളുകൾക്ക് ശേഷം ജില്ലാപഞ്ചായത്തിൽ ഒടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ചില സാഹചര്യങ്ങളിൽ വരവ് തുക സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് (കൃഷിഭവനുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്ന തുകകൾ ഉൾപ്പെടെ) ജില്ലാപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്ത് വരുന്നുമുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്യാഷ് സ്വീകരിച്ച തീയതി | | ആകെ ലഭിച്ച തുക (₹) | ബാങ്കിൽ അടവാക്കിയ തീയതി | ജില്ലാ പഞ്ചായത്തിൽ അടവാക്കിയ തീയതി | അടവാക്കിയ രസീത് നമ്പർ | കാലതാമസം (ദിവസം) |
|---|---|---|---|---|---|---|---|
| | മുതൽ | വരെ | | | | | |
| 1 | 17.02.2021 | 09.04.2021 | 60412 | - | 09.04.2021 | 121040100003 | 52 |
| 2 | 09.04.2021 | 17.08.2021 | 41502 | 17.08.2021 | 25.08.2021 | 121040500007 | 109 |
| 3 | 26.08.2021 | 20.09.2021 | 30337 | - | 22.09.2021 | 121040100060 | 28 |
| 4 | 20.09.2021 | 22.10.2021 | 26840 | - | 27.10.2021 | 121040100071 | 38 |
| 5 | 01.11.2021 | 20.11.2021 | 18145 | 23.11.2021 | 23.11.2021 | ഓൺലൈൻ ട്രാൻസ്ഫർ | 22 |
| 6 | 25.11.2021 | 09.12.2021 | 4986 | - | 20.12.2021 | 121040100095 | 15 |
| 7 | 06.01.2022 | 07.01.2022 | 3149 | - | 15.01.2022 | 121040100104 | 9 |
| 8 | 22.01.2022 | 26.02.2022 | 13834 | 28.02.2022 | 25.04.2022 | ഓൺലൈൻ ട്രാൻസ്ഫർ | 6 |
| 9 | 28.02.2022 | 14.03.2022 | 19536 | 14.03.2022 | 25.04.2022 | - ടി - | 14 |
| 10 | 15.03.2022 | 16.03.2022 | 6310 | 18.03.2022 | 25.04.2022 | - ടി - | 1 |
| 11 | 18.03.2022 | 25.03.2022 | 7512 | - | 26.03.2022 | 121040100131 | 7 |
| 12 | 26.03.2022 | 08.04.2022 | 51066 | - | 25.04.2022 | ഓൺലൈൻ ട്രാൻസ്ഫർ | 13 |
| 13 | 09.04.2022 | 07.05.2022 | 7108 | 07.05.2022 | അടവാക്കിയില്ല | | 28 |
| 14 | 07.05.2022 | 25.05.2022 | 5387 | 26.05.2022 | അടവാക്കിയില്ല | | 19 |
| 15 | 18.06.2022 | 08.07.2022 | 1991 | - | കയ്യിരിപ്പ് തുക ₹1991/- | | |

പിരിവ് തുകകൾ ക്യാഷ് ആയി ദീർഘനാൾ കൈവശം സൂക്ഷിക്കുന്ന നടപടി ക്രമവിരുദ്ധമാണ് (കേരള ഫിനാൻഷ്യൽ കോഡ് വാല്യം I

അനുച്ഛേദം 7(2) കൂടി കാണുക). ലഭ്യമായ തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ഹ്രസ്വമായ ഇടവേളകളിൽ ജില്ലാപഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം യഥാസമയം ജില്ലാപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. 09.04.2022 മുതൽ 25.05.2022 വരെ ബാങ്കിൽ നിക്ഷേപിച്ച തുക ജില്ലാപഞ്ചായത്തിലേക്ക് അടിയന്തിരമായി ട്രാൻസ്ഫർ ചെയ്യേണ്ടതും 18.06.2022 മുതലുള്ള കയ്യിരിപ്പ് തുക ₹1,991/- അടിയന്തിരമായി ജില്ലാപഞ്ചായത്തിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

4. മെഷിനറികളുടെ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല

താഴെ വിവരിക്കുന്ന ഉപകരണങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

1. മോട്ടോർ പമ്പ് സെറ്റ്(ഡീസൽ).

2. ടില്ലർ - രണ്ട് എണ്ണം.

3. മരം വെട്ട് യന്ത്രം (ചെയിൻ സോ).

4. നടീൽ യന്ത്രം.

5. കൊയ്ത്ത് യന്ത്രം.

ഇന്ധന ക്ഷമത, പ്രവർത്തന സമയം, ഇന്ധന ഉപഭോഗം ഇവ വ്യക്തമാക്കുന്ന ലോഗ് ബുക്ക് എഴുതി പരിപാലിക്കേണ്ടതാണ്.

5. സീനിയർ അഗ്രികൾച്ചർ ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തിരിച്ചറിയാനാവാത്ത ₹1,66,955.46 ജില്ലാപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല

സീഡ് ഫാമിൽ ഉത്പാദിപ്പിച്ച കാർഷികോത്പന്നങ്ങൾ വിറ്റ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുക കരിമണ്ണൂർ സ്റ്റേറ്റ് ബാങ്കിലെ അക്കൗണ്ട് നമ്പർ 00000034393667053ൽ ആണ് പരിപാലിക്കുന്നത്. ബാങ്ക് ബാലൻസ് പരിശോധിച്ചതിൽ തിരിച്ചറിയാനാവാത്ത ₹1,66,955.46 നീക്കിയിരിപ്പുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

6. നെയിംബോർഡ് സ്ഥാപിക്കൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

സീഡ് ഫാമിന്റെ പ്രവേശന കവാടത്തിൽ കമാന ആകൃതിയിലുള്ള നെയിം ബോർഡ് സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 22.10.2021ലെ എ3/2134/2021 നമ്പർ ഉത്തരവ് പ്രകാരം ചെക്ക് നം. 955771/19.11.2021 ₹35,428/- സ്റ്റേറ്റ് സീഡ് ഫാമിന് അനുവദിച്ചിരിക്കുന്നു.

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല ജില്ലാപഞ്ചായത്തിനാണ്. ജില്ലാ പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സുസജ്ജമായ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നുമുണ്ട്. നെയിം ബോർഡ് സ്ഥാപിക്കുന്നതിന് പ്രോജക്ട് രൂപീകരിച്ച് അംഗീകാരം വാങ്ങാതെ ജില്ലാപഞ്ചായത്തിൽ നിന്നും ഫാമിന് തുക കൈമാറിയത് ക്രമവിരുദ്ധമാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

7. ചെലവ് വൗച്ചർ സൂക്ഷിപ്പിലെ അപാകത

ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 25.10.2017ലെ 11ാം നമ്പർ തീരുമാന പ്രകാരം കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാമിന്റെ ദൈനംദിന ചെലവുകൾക്ക് മുൻകൂറായി ₹25,000/- ജില്ലാപഞ്ചായത്തിൽ നിന്ന് അനുവദിച്ച് വരുന്നു. പിന്നീട് 28.07.2021ലെ 11(2)-ാം നമ്പർ തീരുമാന പ്രകാരം മുൻകൂർ തുക ₹35,000/-യാക്കി വർദ്ധിപ്പിച്ചു. ചെലവ് വിവരങ്ങൾ സൂക്ഷിക്കുന്നതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കുന്നില്ല

യന്ത്രങ്ങൾക്ക് അറ്റകുറ്റപ്പണികൾ രേഖപ്പെടുത്തുന്നതിന് വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്. അത് പരിപാലിക്കാതെ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്.

2) വൗച്ചറുകൾ ക്രമ നമ്പറിട്ട് സൂക്ഷിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ വൗച്ചറുകൾക്ക് ക്രമ നമ്പർ നൽകിയിട്ടില്ല. മുൻകൂറായി ലഭിക്കുന്ന ഓരോ ₹35,000/-ട്ടും പ്രത്യേകം നമ്പർ നൽകുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്.

3) ഇടപാടുകൾ പണമായി കൈകാര്യം ചെയ്യുന്നു

ജില്ലാപഞ്ചായത്തിൽ നിന്നും മുൻകൂറായി ലഭിക്കുന്ന ₹35,000/- മുഴുവനായും പിൻവലിച്ച് പണമായി ഇടപാട് നടത്തുന്നത് ക്രമപ്രകാരമല്ല.

₹1,000/-ക്ക് മുകളിലുള്ള ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നടത്തേണ്ടത്. എന്നാൽ ക്യാഷ് ബില്ലുകളാണ് കൂടുതലും വൗച്ചറുകളിൽ കാണുന്നത്. ഇത് കർശനമായും ഒഴിവാക്കേണ്ടതാണ്.

1-19 നെല്ല് വിത്ത് വില്പന ₹1,21,600/- ലഭ്യമായില്ല

കരിമണ്ണൂരിലെ സ്റ്റേറ്റ് സീഡ് ഫാമിൽ ഉൽപ്പാദിപ്പിച്ച ഉമ എഫ്.എസ്.I എന്ന നെൽവിത്ത് വിറ്റതിന്റെ വില വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടില്ല. സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡിമാന്റ് രജിസ്റ്ററിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നെൽ വിത്ത് വാങ്ങിയ സ്ഥാപനം | വിറ്റ നെൽ വിത്തിന്റെ അളവ് (കി. ഗ്രാമിൽ) | വില ₹ (നിരക്ക്/ കിലോ ഗ്രാം) | ആകെ തുക (₹) |
|---|---|---|---|---|
| 1 | സ്റ്റേറ്റ് സീഡ് ഫാം, വിയ്യപുരം | 760 | 40 | 30400 |
| 2 | കൃഷി ഭവൻ, പോത്താനിക്കാട് | 1050 | 40 | 42000 |
| 3 | സ്റ്റേറ്റ് സീഡ് ഫാം, വിയ്യപുരം | 1230 | 40 | 49200 |
| | | | ആകെ | ₹121600 |

നെൽവിത്തിന്റെ വില ഇനത്തിൽ ലഭിക്കുവാനുള്ള ₹1,21,600/- ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ ഇലക്ട്രോണിക്സ് ത്രാസ് വാങ്ങി

കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ആവശ്യമായ ഇലക്ട്രോണിക്സ് ത്രാസ് വാങ്ങുന്നതിന് (ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 06.07.2021ലെ എ3/3750/10 നമ്പർ ഉത്തരവ് ചെക്ക് നം. 801502/08.07.2021) ₹42,968/- ഫാം സൂപ്രണ്ടിന് അനുവദിച്ചിരുന്നു. തുടർന്ന് ₹14,000/- ചെലവഴിച്ച് തൊടുപുഴ ഹിൽടോപ് സ്കെയിൽസ് എന്ന സ്ഥാപനത്തിൽ നിന്ന് ഇലക്ട്രോണിക്സ് ത്രാസ് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങി. സ.ഉ.(അ)നം 259/2010/ത.സ്വ.ഭ.വ/ തീയതി. 08.11.2010 പ്രകാരം നേരിട്ടുള്ള വാങ്ങലിന്റെ പരിധി ₹5,000/-യാണ്. അതിന് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണ് എന്നിരിക്കെ നേരിട്ട് ഇലക്ട്രോണിക് ത്രാസ് വാങ്ങിയത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-21 ലേല നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

കരിമണ്ണൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പ്രവേശന കവാടത്തിനോട് ചേർന്ന് ആഞ്ഞിലി മരം കടപുഴകി വീണ് കിടക്കുന്നുണ്ട്. ഈ മരം ലേലം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇതോടൊപ്പം പശു തൊഴുത്ത്, മത്സ്യക്കുളം എന്നിവയ്ക്ക് സമീപം അപകടകരമായി നിൽക്കുന്ന മറ്റ് രണ്ട് ആഞ്ഞിലി മരങ്ങളും ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്ന് മൂല്യനിർണ്ണയം നടത്തി അവ ലേലം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-22 സെലക്ഷൻ നോട്ടീസ് ലഭിച്ച് യഥാസമയം കരാറിൽ ഏർപ്പെടുന്നില്ല - നഷ്ടം ₹8,589/-

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി/01.02.2012) വകുപ്പ് 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന്റെ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞാൽ 10 ദിവസം കൂടി കരാർ തുകയുടെ 1% പിഴ ഈടാക്കി (ചുരുങ്ങിയത് ₹1,000/- പരമാവധി ₹25,000/-) കരാർ ഉടമ്പടി വെയ്ക്കാം. 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്തപക്ഷം കരാർ റദ്ദാക്കണം. മേൽ വ്യവസ്ഥ അനുസരിച്ച് 14 ദിവസത്തിനകം കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പ്രോജക്ടിന്റെ വിശദാംശങ്ങൾ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ ഇല്ലാതെ കരാറുടമ്പടി വെക്കേണ്ട | പിഴയോട് കൂടി കരാറുടമ്പടി വെക്കേണ്ട അവസാന | കരാർ ഉടമ്പടി വെച്ച തീയതി | പിഴ ₹ (കരാറുകാരൻ | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അവസാന തീയതി | തീയതി | | ക്വാട്ട് ചെയ്ത തുകയുടെ 1%) | |
| 1. | പ്രോജക്ട് പേര്/നം.:<br>കുമാരമംഗലം<br>ഗ്രാമ പഞ്ചായത്ത്<br>കുമാരമംഗലം ശാസ്താവ് റോഡ്- കലുങ്ക് റോഡ് പുനരുദ്ധാരണം (04/22 )<br>അടങ്കൽ : 10,00,000<br>ഫണ്ടിനം :<br>തനത് ഫണ്ട്<br>നിർവ്വഹണം :<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കരാറുകാരൻ : ഇബ്രാഹീം എ.പി.<br>ഇ. പി.എ.സി : ₹858,886/-<br>എ.പി.എ.സി : ₹857,886/-<br>ബിൽ/ചെക്ക് നം. : TSB Check No. 6668345<br>തീ. 13.12.2021<br>₹924,233/-<br>അളവ് പുസ്തകം നം. 195/20-21<br>എഗ്രിമെന്റ് നം. :-<br>309/T/AEE/<br>LSGD/IDK/<br>2019-20<br>തീ. 12/03/20 | 04.02.20 | 18.02.20 | 28.02.20 | 12.03.20 | 8589 | 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്ന നിബന്ധന പാലിക്കാതെ കരാറിൽ ഏർപ്പെട്ടു |
| | | | | | നഷ്ടം | 8589 | |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം. 28/തീ. 03.08.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക ₹8,589/- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-23 സ്കൂളുകളിൽ വൈറ്റ് ബോർഡ് സ്ഥാപിക്കൽ - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതി നമ്പർ | 1114/22<br>വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് വൈറ്റ് ബോർഡ് |
| നിർവ്വഹണം | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ |
| അടങ്കൽ | ₹200750/- (സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ബിൽ നമ്പർ/തീയതി/തുക | 21100652012501479557/26.03.2022, ₹200750/- |

ജില്ലാപഞ്ചായത്തിന് വിട്ടുകിട്ടിയ സ്കൂളുകളിൽ വൈറ്റ് ബോർഡ് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതിയ്ക്കായി 21.03.2022ലെ കെ.റ്റി.എം-338 നമ്പർ ബിൽ പ്രകാരം കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 367 വൈറ്റ് ബോർഡുകൾ വാങ്ങിയിട്ടുണ്ട്. ജില്ലയിലെ താഴെ പരാമർശിക്കുന്ന സ്കൂളുകളിലേയ്ക്ക് വിതരണ ഏജൻസി ബോർഡുകൾ നേരിട്ട് എത്തിക്കുന്നതിനാണ് കരാർ ചമച്ചിരിക്കുന്നത് (കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല).

| ക്രമ നം. | സ്കൂൾ | എണ്ണം |
|---|---|---|
| 1 | ജി.എച്ച്.എസ്., പൂമാല | 8 |
| 2 | ജി.എച്ച്.എസ്.എസ്., പൂമാല | 5 |

| | | |
|---|---|---|
| 3 | ജി.എച്ച്.എസ്., ബൈസൺവാലി | 8 |
| 4 | ജി.എച്ച്.എസ്.എസ്., ബൈസൺവാലി | 3 |
| 5 | ജി.എച്ച്.എസ്., നെടുങ്കണ്ടം | 5 |
| 6 | ജി.എച്ച്.എസ്.എസ്., നെടുങ്കണ്ടം | 3 |
| 7 | ജി.എച്ച്.എസ്., വാഗവര | 5 |
| 8 | ജി.എച്ച്.എസ്.എസ്., രാജാക്കാട് | 5 |
| 9 | ജി.എച്ച്.എസ്., രാജാക്കാട് | 17 |
| 10 | ജി.എച്ച്.എസ്., വാഗമൺ | 8 |
| 11 | ജി.എച്ച്.എസ്., അണക്കര | 8 |
| 12 | ജി.എച്ച്.എസ്., കല്ലാർ | 26 |
| 13 | ജി.എം.ജി.ഇ.എച്ച്.എസ്., ശാന്തിഗ്രാം | 20 |
| 1 | പി.എച്ച്.എസ്., വണ്ടിപ്പെരിയാർ | 8 |
| 15 | പി.എച്ച്.എസ്.എസ്., വണ്ടിപ്പെരിയാർ | 3 |
| 16 | ജി.എച്ച്.എസ്., അമരാവതി | 8 |
| 17 | ജി.എച്ച്.എസ്., പെരിങ്ങാശ്ശേരി | 6 |
| 18 | ജി.എച്ച്.എസ്., ഗുഡിലെ | 3 |
| 19 | ജി.എച്ച്.എസ്., ചെമ്മണ്ണ് | 12 |
| 20 | ജി.എച്ച്.എസ്., അടിമാലി | 10 |
| 21 | ജി.റ്റി.എച്ച്.എസ്., മുരിക്കാട്ടുകുടി | 16 |
| 22 | ജി.എച്ച്.എസ്., പാമ്പനാർ | 17 |
| 23 | ജി.എച്ച്.എസ്.എസ്., കുറ്റിപ്ലാങ്ങാട് | 3 |
| 24 | ജി.എച്ച്.എസ്., കല്ലാർ-വട്ടിയാർ | 5 |
| 25 | ജി.എച്ച്.എസ്., തോപ്രാംകുടി | 2 |
| 26 | ജി.എച്ച്.എസ്.എസ്., തോപ്രാംകുടി | 3 |
| 27 | ജി.എച്ച്.എസ്., ശാന്തമ്പാറ | 5 |
| 28 | ജി.എച്ച്.എസ്., കല്ലാർകുട്ടി | 5 |
| 29 | ജി.എച്ച്.എസ്., അരിക്കുഴ | 3 |
| 30 | ജി.എച്ച്.എസ്., മുട്ടം | 5 |
| 31 | ജി.എച്ച്.എസ്., ചിത്തിരപുരം | 5 |
| 32 | ജി.എച്ച്.എസ്., മറയൂർ | 6 |
| 33 | ജി.എച്ച്.എസ്., ദേവികുളം | 4 |
| 34 | ജി.എച്ച്.എസ്., രാജകുമാരി | 5 |
| 35 | ജി.വി.എച്ച്.എസ്., രാജകുമാരി | 6 |
| 36 | ജി.എച്ച്.എസ്., ഖജനാപ്പാറ | 5 |
| 37 | ജി.എച്ച്.എസ്., ചെമ്പകപ്പാറ | 5 |

| | | |
|---|---|---|
| 38 | ജി.എച്ച്.എസ്., മുള്ളരിങ്ങാട് | 5 |
| 39 | ജി.എച്ച്.എസ്.എസ്., അമരാവതി | 1 |
| 40 | ജി.എച്ച്.എസ്., കല്ലാർ-ചോറ്റുപാറ | 15 |
| 41 | പി. എച്ച്.എസ്., ഏലപ്പാറ | 7 |
| 42 | പി. എച്ച്.എസ്.എസ്., ഏലപ്പാറ | 4 |
| 43 | ജി.എച്ച്.എസ്., വളകോട് | 5 |
| 44 | ജി.എച്ച്.എസ്., വട്ടവട | 5 |
| 45 | ജി.എച്ച്.എസ്., കഞ്ചിത്തണ്ണി | 7 |
| 46 | ജി.എച്ച്.എസ്.എസ്., കഞ്ചിത്തണ്ണി | 3 |
| 47 | ജി.വി.എച്ച്.എസ്., കഞ്ചിത്തണ്ണി | 2 |
| 48 | ജി.എച്ച്.എസ്., മൂന്നാർ | 11 |
| 49 | ജി.എച്ച്.എസ്., എസ് മൂന്നാർ | 6 |
| 50 | ജി.എച്ച്.എസ്., ചിന്നക്കനാൽ | 4 |
| 51 | ജി.എച്ച്.എസ്., വഞ്ചിവയൽ | 10 |
| 52 | ജി.എച്ച്.എസ്., കണ്ണംപടി | 5 |
| 53 | ജി.എച്ച്.എസ്., കണയങ്കവയൽ | 2 |
| 54 | സി.പി.എം.ജി.എച്ച്.എസ്., പീരുമേട് | 4 |
| | ആകെ | 367 |

ഇതിൽ 1, 2, 3, 7, 8, 9, 10, 16, 17, 20, 25, 30, 41, 51, 52, 53, 54 എന്നീ ക്രമ നമ്പരുകളിൽ പരാമർശിക്കുന്ന സ്കൂൾ അധികൃതർ മാത്രമാണ് ബോർഡ് ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 37 സ്കൂളുകളിലും വൈറ്റ് ബോർഡ് സ്ഥാപിച്ച സാക്ഷ്യപത്രം അതത് സ്കൂൾ അധികൃതരിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-24 ജില്ലാ ഹോമിയോ ആശുപത്രി - മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, ഹോമിയോ, ഇടുക്കി | |
| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നമ്പർ - 319/22<br>ജില്ലാ ആശുപത്രിക്ക് മരുന്ന വാങ്ങൽ | പ്രോജക്റ്റ് നമ്പർ - 468/22<br>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹1000000/-<br>(സംരക്ഷണ ഫണ്ട് റോഡിതരം) | ₹100000/-<br>(വികസന ഫണ്ട്) |
| | ബിൽ നം. 21100652013501031612<br>തീയതി. 29.01.2022<br>₹1000000/- | ബിൽ നം. 2110065201350103176<br>തീയതി. 29.01.2022<br>₹100000/- |

കേരള സംസ്ഥാന ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 10.12.2021 തീയതിയിലെ പി.എഫ്. 1152 നമ്പരായുള്ള പ്രഫോർമ ഇൻവോയ്സ് പ്രകാരം ജില്ലാ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് ₹10,00,000/-യും 10.12.2021 തീയതിയിലെ പി.എഫ്. 1153 നമ്പരായുള്ള പ്രഫോർമ ഇൻവോയ്സ് പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മരുന്നുകൾ വാങ്ങുന്നതിന് ₹1,00,000/-യും സൊസൈറ്റിയുടെ 34306403911 SBI നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പരാമർശിക്കും പ്രകാരം ₹14,85,926/-യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | പദ്ധതി | നൽകിയ തുക ₹ | ഇൻവോയ്സ് നം. & തീയതി | ലഭിച്ച മരുന്നിന്റെ തുക ₹ | അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| 1 | 319/22- ജില്ലാ ആശുപത്രിക്ക് മരുന്ന വാങ്ങൽ. | 1000000 | എൽ.എഫ്. 20 തീ:19.05.2022 | 456660 | |
| | | | എൽ.എഫ്. 914 തീ:22.07.2022 | 262350 | |
| | | | ആകെ | 719010 | 280990 |
| 2 | 468/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 100000 | എൽ.എഫ്. 35 തീ:23.05.2022 | 47906 | 52094 |
| ആകെ അവശേഷിക്കുന്ന തുക | | | | | 333084 |

അവശേഷിക്കുന്ന ₹3,33,084/-യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ജില്ലാ ആശുപത്രി (ആരോഗ്യം) - മരുന്ന് ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – ചീഫ് മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി (ആരോഗ്യം)

| പ്രോജക്റ്റിന്റെ പേര് | പ്രോജക്റ്റ് നമ്പർ 174/22 ജില്ലാ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | പ്രോജക്റ്റ് നമ്പർ 202/22 ഡയാലിസിസിന് ആവശ്യമായ സാമഗ്രികൾ വാങ്ങൽ | പ്രോജക്റ്റ് നമ്പർ 193/22 ജില്ലാ ആശുപത്രിക്ക് കീമോ തൊറാപ്പി മരുന്ന് വാങ്ങൽ |
|---|---|---|---|
| അടങ്കൽ | ₹1000000/- (റോഡിതരം) | ₹1000000/- (റോഡിതരം) | ₹1000000/- (വികസന ഫണ്ട് – പൊതു വിഭാഗം) |
| ബിൽ നമ്പർ | 21100652012100516535 തീ:11.10.2021 ₹1000000/- | 21100652012100469369 തീ:30.09.2021 ₹1000000/- | 21100652012100516512 തീ:07.10.2021 ₹661264/- |
| | | | 21100652012100762270 തീ:08.12.2021 ₹262518/- |
| | | | 21100652012101081750 തീ:08.02.2022 ₹74027/- |
| | | | 21100652012101501508 തീ:27.03.2022 ₹2191/- |

മേൽ സൂചിത മൂന്ന് പദ്ധതികൾക്കായി ₹10,00,000/- വീതം ആകെ ₹30,00,000/- കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 3264001800000019 PUNB0362400 നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പരാമർശിക്കും പ്രകാരം

₹26,54,718/-യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | പദ്ധതി | നൽകിയ തുക ₹ | ഇൻവോയ്സ് നം. & തീയതി | ലഭിച്ച മരുന്നിന്റെ തുക ₹ | ബാക്കി |
|---|---|---|---|---|---|
| 1 | 174/22 ജില്ലാ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 1000000 | ഇൻവോയ്സ് നം. 6108 തീ:14.07.2022 | 56366 | |
| | | | ഇൻവോയ്സ് നം. 6077 തീ:14.07.2022 | 47025 | |
| | | | ഇൻവോയ്സ് നം. 8346 തീ:.09.08.2022 | 228942 | |
| | | | ഇൻവോയ്സ് നം. 8654 തീ:19.08.2022 | 48358 | |
| | | | ഇൻവോയ്സ് നം. 9479 തീ:26.08.2022 | 52488 | |
| | | | ഇൻവോയ്സ് നം. 9494 തീ:26.08.2022 | 18539 | |
| | | | ഇൻവോയ്സ് നം. 13372 തീ:10.10.2022 | 1839 | |
| | | | ഇൻവോയ്സ് നം. 12232 തീ:26.09.2022 | 32175 | |
| | | | ഇൻവോയ്സ് നം. 11930 തീ:22.09.2022 | 20712 | |
| | | | ഇൻവോയ്സ് നം. 10991 തീ:15.09.2022 | 110952 | |
| | | | ഇൻവോയ്സ് നം. 10995 തീ:15.09.2022 | 98471 | |
| | | | ഇൻവോയ്സ് നം. 720 തീ:05.09.2022 | 46423 | |
| | | | ഇൻവോയ്സ് നം. 13908 തീ:15.10.2022 | 8153 | |
| | | | ഇൻവോയ്സ് നം. 14865 തീ:25.10.2022 | 8913 | |
| | | | ഇൻവോയ്സ് നം. 18047 തീ:22.11.2022 | 1560 | |
| | | | ഇൻവോയ്സ് നം. 16692 തീ:10.11.2022 | 27167 | |
| | | | ഇൻവോയ്സ് നം. 20594 തീ:19.12.2022 | 4542 | |
| | | | ഇൻവോയ്സ് നം. 19714 തീ:12.12.2022 | 623 | |
| | | | ഇൻവോയ്സ് നം. 21605 തീ:29.12.2022 | 887 | |
| | | | ആകെ | 814135 | 185865 |
| 2 | 202/22 ഡയാലിസിസിന് ആവശ്യമായ മരുന്ന്, റീ ഏജന്റ്, മറ്റ് അനുബന്ധ സാമഗ്രികൾ വാങ്ങൽ | 1000000 | ഇൻവോയ്സ് നം. 2201 തീ:22.10.2021 | 30899 | |
| | | | ഇൻവോയ്സ് നം. 2236 തീ:25.10.2021 | 16653 | |
| | | | ഇൻവോയ്സ് നം. 2213 തീ:25.10.2021 | 15189 | |
| | | | ഇൻവോയ്സ് നം. 2210 തീ:25.10.2021 | 112076 | |
| | | | ഇൻവോയ്സ് നം. 2269 തീ:29.10.2021 | 106611 | |
| | | | ഇൻവോയ്സ് നം. 2270 തീ:29.10.2021 | 30124 | |
| | | | ഇൻവോയ്സ് നം. 2271 തീ:29.10.2021 | 60884 | |
| | | | ഇൻവോയ്സ് നം. 2272 തീ:29.10.2021 | 19689 | |
| | | | ഇൻവോയ്സ് നം. 2541 തീ:02.12.2021 | 217845 | |
| | | | ഇൻവോയ്സ് നം. 2728 തീ:29.12.2021 | 68913 | |
| | | | ഇൻവോയ്സ് നം. 2902 തീ:28.01.2022 | 85660 | |

| | | | | | |
|---|---|---|---|---|---|
| | | | ഇൻവോയ്സ് നം. 34 തീ:06.04.2022 | 174286 | |
| | | | ആകെ | 938829 | 61171 |
| 3 | 193/22<br>ജില്ലാ ആശുപത്രിക്ക്<br>ആവശ്യമായ<br>കീമോ തൊറാപ്പി<br>മരുന്ന് വാങ്ങൽ | 1000000 | ഇൻവോയ്സ് നം. 14411 തീ:05.03.2022 | 33073 | |
| | | | ഇൻവോയ്സ് നം. 13842 തീ:24.02.2022 | 388073 | |
| | | | ഇൻവോയ്സ് നം. 1275 തീ:28.04.2022 | 197151 | |
| | | | ഇൻവോയ്സ് നം. 156 തീ:11.05.2022 | 94792 | |
| | | | ഇൻവോയ്സ് നം. 593 തീ:29.07.2022 | 11172 | |
| | | | ഇൻവോയ്സ് നം. 2903 തീ:28.01.2022 | 42179 | |
| | | | ഇൻവോയ്സ് നം. 3203 തീ:24.03.2022 | 94634 | |
| | | | ഇൻവോയ്സ് നം. 416 തീ:29.06.2022 | 7529 | |
| | | | ഇൻവോയ്സ് നം. 667 തീ:25.08.2022 | 976 | |
| | | | ഇൻവോയ്സ് നം. 694 തീ:31.08.2022 | 11236 | |
| | | | ആകെ | 880815 | 119185 |
| | | | ഒട്ടാകെ | 2633779 | 366221 |

ബാക്കി ₹3,66,221/-യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് റോളറുകളുടെ തത്സ്ഥിതി ലഭ്യമല്ല

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കെ.എൽ-6 എ-4489, കെ.എൽ-6 എ-4490, കെ.എൽ-6 എ-4491, കെ.എൽ-6 എ-4492, രജിസ്റ്റർ നമ്പർ ലഭ്യമല്ലാതിരുന്ന ജെസ്സോപ്പ് 7945 എന്നീ റോഡ് റോളറുകൾ നിലവിൽ ജില്ലാ പഞ്ചായത്തിന്റെ കൈവശമില്ല. ഈ റോഡ് റോളറുകളുടെ നിലവിലെ അവസ്ഥയും ഇവയിൽ നിന്നുള്ള വരുമാന
വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നമ്പർ 26/08.05.2022-) മറുപടി ലഭിച്ചില്ല. റോഡ് റോളറുകൾ ആരുടെ കൈവശം ആണെന്ന് കണ്ടെത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് നാല് റോഡ് റോളറുകൾ വെയിലും മഴയുമേറ്റ് നാശോന്മുഖമായ അവസ്ഥയിൽ ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിലുണ്ട്. പ്രസ്തുത റോഡ് റോളറുകൾ ലേലം ചെയ്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ആവിശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും ( നമ്പർ 27/08.05.2022 ) മറുപടി ലഭ്യമായില്ല. റോഡ് റോളറുകൾ നശിച്ച് പോകുന്നതിന് മുമ്പ് ലേലം ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് യുക്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-27 മതികെട്ടാൻ കുടിവെള്ള പദ്ധതി-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി ₹3,65,989/-യുടെ നഷ്ടം

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രോജക്റ്റ് നമ്പർ 390/22<br>മതികെട്ടാൻ കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹3000000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കോൺട്രാക്ടർ | ശ്രീ പി. ബി. ബിനീഷ് |
| കരാർ ഉടമ്പടി നമ്പർ | 263/Q/AEE/LID&EW/IDK/20-21 DT<br>05/02/22 |
| എം ബുക്ക് നമ്പർ | 1006/20-21 |
| ബിൽ നമ്പർ | PFMS 1103202220672, തീ 14/03/2022, ₹ 1804486/-<br>PFMS 2605202225587, തീ 25/05/2022, ₹ 856631/- |

| | |
|---|---|
| | PFMS 3108202211520, തീ 31.08.2022, ₹313494/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ശാന്തൻ പാറ ഗ്രാമപഞ്ചായത്തിലെ പൂപ്പാറ കോളനി , എസ്റ്റേറ്റ് പൂപ്പാറ കോളനി എന്നിവടങ്ങളിലെ 450 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഇതിനായി 5241.8 മീറ്റർ 50 Mm G.I പൈപ്പാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ അളവ്പുസ്തകം ഇനം നമ്പർ 1-ആയി രേഖപ്പെടുത്തിയിരുക്കുന്നത് 3141.8 മീറ്റർ 50 Mm GI പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിച്ചതായാണ്. (DSR Specification Number 18.12.6 -Prioviding And Fixing Gl Pipes Complete With Gl Fittings Including Trenching And Refilling Etc. External Works 50 Mm Dia Nominal Bore ). ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നേരിട്ടുള്ള പരിശോധനയിൽ Trenching & Refilling നടത്താത്തത് കണ്ട് ബോധ്യപ്പെട്ടു. ഏതാനും വർഷങ്ങൾക്ക് മുൻപ് ഇതേ പദ്ധതിയിൽ സ്ഥാപിച്ച G.I പൈപ്പ് ഇരുമ്പ് എടുത്ത് ഇവിടെ അവശേഷിക്കുന്നതായി കാണുന്നു. ഈ പൈപ്പുകൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ട്രെഞ്ചിംഗ് നടത്താതെ അതിനുള്ള തുക നൽകിയതിലൂടെ ഒരു മീറ്റർ പൈപ്പിന് ₹84.48 നിരക്കിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ നൽകുന്നു.

| എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി | അളവ് മീറ്റർ | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| 18.12.6 -Prioviding And Fixing Gl Pipes Complete With Gl Fittings Including Trenching And Refilling Etc. External Works 50 Mm Dia Nominal Bore | 3141.8 | 545.00/മീ | 1712281 |
| യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി | | | |
| OD1341134/2021-2022- Providinf And Fixing Gl Pipes With Gl Fittings Excluding Trenching And Refilling Etc. External Works 50 Mm Dia Nominal Bore | 3141.8 മീറ്റർ | 428.51/മീ | 1346292 |
| അധികം നൽകിയ തുക | | | 365989 |

അധികം തുക നൽകിയ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നമ്പർ 28/17.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹3,65,989/- കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-28 ശാന്തമ്പാറ ജി.എച്ച്. എസ് മെയിന്റനൻസ് -റെക്റ്റിഫൈഡ്ടൈലിന് വിട്രിഫൈഡ് ടൈലിന്റ് നിരക്ക് നൽകി -നഷ്ടം ₹17332

| പ്രോജക്റ്റ് നമ്പർ 1078/22 ശാന്തൻപാറ ജി.എച്ച്.എസ്. മെയിന്റനൻസ് | |
|---|---|
| അടങ്കൽ | ₹500000/- (മെയിന്റനൻസ് ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ എം.എം. ഷാജി |
| കരാർ ഉടമ്പടി നമ്പർ | 594/AB1AEE/LSGD/IDK/20-21 Dt: 19/01/22 |
| എം.ബുക്ക് നമ്പർ | 993/20-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ബിൽ നം & തീയതി | 21100652013601520847 തീ:30.03.2022, തുക ₹486890/- |

ശാന്തൻപാറ ജി.എച്ച്.എസ് മെയിന്റനൻസിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ക്ലാസ് മുറികൾ, ഓഫീസ് റൂം, വരാന്ത എന്നിവടങ്ങളിൽ ടൈൽ വിരിയ്ക്കൽ, പെയിന്റിംഗ്, ടോയ്‌ലറ്റ് നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയിലെ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

ക്ലാസ് മുറികൾ, ഓഫീസ് റൂം, വരാന്ത എന്നിവിടങ്ങളിലായി 175.83 2m2 വിട്രിഫൈഡ് ടൈൽ വിരിച്ചതായി എം.ബുക്ക് ഇനം നമ്പർ 3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് നമ്പർ 8-12). എസ്റ്റിമേറ്റ് പ്രകാരം ₹1538.97/എം2 എന്നതാണ് നിരക്ക്.( 2018-ലെ PRICE SPECIFICATION NUMBER-11.41.1 +39.83%

COST INDEX) കരാറുകാരൻ 25.27% കുറഞ്ഞ നിരക്കായ ₹1150/- യാണ് ഈ ഇനത്തിന് ക്വോട്ട് ചെയ്തത്. എം ബുക്ക് പേജ് നമ്പർ 22 പ്രകാരം ഈ ഇനത്തിന് ₹202206.8 നൽകിയിട്ടുണ്ട്. 12 ശതമാനം G.S.T കൂടി ഉൾപ്പെടുത്തുമ്പോൾ ഈ ഇനത്തിന് ₹226471.61/- നൽകിയിട്ടുണ്ട്.

ശാന്തൻപാറ ഗ്രമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വിട്രിഫൈഡ് ടൈലിന് പകരം PRICE സ്പെസിഫിക്കേഷൻ കോഡ് 11.40 പ്രകാരമുള്ള Recttified Ceramic Tile ആണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് ബോധ്യമായി. ഇതിന്റെ നിരക്ക് ₹1421.09/m2 മാത്രമാണ്. ടെണ്ടർ കിഴിവ് 25.27% കുറച്ചാൽ നൽകാവുന്നത് 1061.99/m2 ആണ്. വിശദാംശം ചുവടെ നൽകുന്നു.

| | |
|---|---|
| Rectified Ceramic Tile ഉപയോഗിച്ച അളവ് | 175.832$m^2$ |
| PRICE 2018സബ് ഹെഡ് 11.40 പ്രകാരം അടിസ്ഥാന നിരക്ക് ₹1016.30<br>+കോസ്റ്റ് ഇൻഡക്സ് @39.83% (₹404.79) | ₹1421.09/$m^2$ |
| ടെണ്ടർ കുറവ് | 25.27% |
| അനുവദിക്കാവുന്ന നിരക്ക് | ₹1061.99/എം$^2$ |
| നൽകിയതുക (175.832x 1150+12% GST)= (202206.80+24264.81) | ₹226471.61 |
| നൽകാവുന്ന തുക (175.832x 1061.99+ 12%GST)= (186731.82+22407.82) | ₹209137.27 |
| അധികം നൽകിയ തുക (15475+GST1857) | ₹17331.98 |

അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി-29/21-22 തീ: 17/08/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹17332/- അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-29 ചിന്നക്കനാൽ ജി.എച്ച്.എസ്. മെയിന്റനൻസ് - ടൈലിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി നഷ്ടം ₹45,847/-

| പ്രോജക്ട് നമ്പർ 664/22 -ചിന്നക്കനാൽ ജി.എച്ച്.എസ്. മെയിന്റനൻസ് | |
|---|---|
| അടങ്കൽ | ₹1000000/- (മെയിന്റനൻസ് ഫണ്ട്) |
| കൺവീനർ | ശ്രീ പി. രാജാ |
| കരാർ ഉടമ്പടി നമ്പർ | 5/BC/AEE/LSGD/IDK/20-21 DT 11/09/20 |
| എം. ബുക്ക് നമ്പർ | 629/2019-20 |
| ബിൽ നമ്പർ | 13600901577 തി: 06/01/2022, ₹693728/-<br>136013601428956 തി: 29/03/2022, ₹214982/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ചിന്നക്കനാൽ ജി.എച്ച്.എസ്. മെയിന്റനൻസിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ക്ളാസ് മുറികൾ, വരാന്ത എന്നിവയിലെ ടൈലിങ് പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ടൈലിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി ₹45,847/-

മൂന്ന് ബ്ലോക്കുകളിലായി 619.85 എം$^2$ 600 X600 Mm വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനുള്ള പ്രവൃത്തിയാണിത് (DSR Specification 11.41.2). എന്നാൽ പ്രധാന ബ്ളോക്കിലെ 471.96 എം2 സ്ഥലത്ത് ചെയ്തിരിക്കുന്നത് DSR Specification- 11.41.1 പ്രകാരമുള്ള 500 X500 എം എം ടൈൽ വിരിക്കുന്ന പ്രവൃത്തിയാണ് ചെയ്തിരിക്കുന്നതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശം ചുവടെ നൽകുന്നു.

| എം. ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | അളവ് | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| 11.41.2<br>Providing And Laying Vitrified Floor Tiles In Different Sizes (Thickness To Be Specified By The Manufacturer) With Water Absorption Less Than 0.08% And Conforming To IS: 15622, Of Approved Make, In All Colours And Shades, Laid On 20mm Thick Cement Mortar 1:4 (1 Cement : 4 | 471.92 | 1566.35/m2 | 739191.89 +12% GST= 827894.91 |

| | | | |
|---|---|---|---|
| Coarse Sand), Jointing With Grey Cement Slurry @ 3.3 Kg/ Sqm Including Grouting The Joints With White Cement And Matching Pigments Etc., Complet- Size Of 600x600 Mm | | | |
| യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി | അളവ് | നിരക്ക് ₹ | നൽകാവുന്ന തുക ₹ |
| 11.41.1<br>Providing And Laying Vitrified Floor Tiles In Different Sizes (Thickness To Be Specified By The Manufacturer) With Water Absorption Less Than 0.08% And Conforming To IS: 15622, Of Approved Make, In All Colours And Shades, Laid On 20mm Thick Cement Mortar 1:4 (1 Cement : 4 Coarse Sand), Jointing With Grey Cement Slurry @ 3.3 Kg/ Sqm Including Grouting The Joints With White Cement And Matching Pigments Etc., Complet- Size Of Tile -500 X500 Mm (അടിസ്ഥാനനിരക്ക്-988.45 +കോസ്റ്റ് ഇൻഡക്സ് 49.69%= 1479.61) | 471.92 $M^2$ | 1479.61 | 698257.55 +12%GST =782048.45 |
| അധികം നൽകിയ തുക (827894.91 -782048.45) -(40934+GST 4913) | | | ₹45847 |

അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി-30/21-22 തീ: 17/08/22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹45,847/- കൺവീനറിൽ നിന്നും ഈടാക്കാത്ത പക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ആദായ നികുതി ഈടാക്കിയതിൽ കുറവ് ₹6,936/-

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ നിന്നും 1.5% ആദായ നികുതി ഈടാക്കേണ്ടതാണെന്ന് ഇൻകം ടാക്സ് കമ്മീഷണറുടെ 13/05/2021ലെ നിർദ്ദേശമുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ 1% മാത്രമാണ് ഈടാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവർത്തി മൂല്യം | ₹997053 |
| കുറയ്ക്കുക 5% OHC-49853 | ₹947200 |
| ഈടാക്കേണ്ട ആദായനികുതി @ 1.50% | ₹14208 |
| ഈടാക്കിയ ആദായനികുതി | ₹7272 |
| കുറവ് | ₹6936 |

ആദായ നികുതിയിനത്തിലുണ്ടായ ₹6,936/-യുടെ നഷ്ടം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-30 ഉടുമ്പൻചോല ജി.എച്ച്.എസ്. മെയിന്റനൻസ്- അധിക തുക നൽകി നഷ്ടം ₹1,07597/

| | |
|---|---|
| പ്രോജക്റ്റ് നമ്പർ 716/22 – ഉടുമ്പൻചോല ജി.എച്ച്.എസ്. മെയിന്റനൻസ് | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹1000000/- (മെയിന്റനൻസ് ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ കെ .ജെ ജുബിൻ |
| കരാർ ഉടമ്പടി നമ്പർ | 117/AEE/LSGD/IDK/20-21 DT 16/02/2021 |
| എം ബുക്ക് നമ്പർ | 462/19-20 |
| ബിൽ നമ്പർ & തുക | 2110065201360118003O/22.02.2022<br>₹976120/- |

ഉടുമ്പൻചോല ജി.എച്ച്.എസ്. മെയിന്റനൻസിന് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ക്ലാസ്സ് മുറികൾ, ഓഫീസ് റൂം എന്നിവയിലെ

ടൈൽ പ്രവൃത്തികളും പെയിന്റിംഗ് പ്രവൃത്തികളും ടോയ്‌ലറ്റ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയിലെ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1) ടൈൽ പ്രവൃത്തിക്ക് ₹94,118.89 അധികം നൽകി

എം.ബുക്ക് ഇനം നമ്പർ 32 പ്രകാരം ക്ലാസ് മുറികൾ, ഓഫീസ് റൂം, വരാന്ത എന്നിവടങ്ങളിലായി 388.61 M2 വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിന് ₹1650/m$^2$ എന്ന നിരക്കിൽ ₹6,41,206.50 നൽകിയിട്ടുണ്ട്. (എം ബുക്ക് പേജ് നമ്പർ -65). വരാന്ത, സ്റ്റെപ്പുകൾ എന്നിവടങ്ങളിൽ മാത്രം 125.066 M$^2$ വിട്രിഫൈഡ് ടൈൽ വിരിച്ചതായി എം ബുക്ക് പേജ്നമ്പർ 30,31 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉടുമ്പൻചോല ഗ്രമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വിട്രിഫൈഡ് ടൈലിന് പകരം DSR 11.37.A പ്രകാരമുള്ള Ceramic Tile ആണെന്ന് വ്യക്തമായി. ഇതിന്റെ നിരക്ക് ₹981.78/m$^2$ മാത്രമാണ്. ആയത് എക്സ്ട്രാ ഇനമായി കണക്കാക്കി ടെണ്ടർ കിഴിവ് 0.82% കുറച്ചാൽ നൽകാവുന്നത് ₹973.73/m$^2$ആണ്. വിശദാംശം ചുവടെ നൽകുന്നു.

| | |
|---|---|
| Ceramic Tile ഉപയോഗിച്ച അളവ് - | 125.066/m$^2$ |
| അനുവദിക്കാവുന്ന നിരക്ക് | |
| DSR 2016-സബ്ഹെഡ് 11.37.A പ്രകാരമുള്ള<br>അടിസ്ഥാന നിരക്ക്- ₹660.20/എം$^2$<br>(+ )കോസ്റ്റ് ഇൻഡെക്സ്@ 48.71% – ₹321.58<br>ആകെ – ₹981.78/m$^2$<br>(-) ടെണ്ടർ കുറവ് @ 0.82% – ₹8.05 | ₹973.73/m$^2$ |
| നൽകിയതുക<br>(125.066 X 1650 +12 %GST) | ₹231121.968 |
| നൽകാവുന്ന തുക<br>(125.066 X973.73+12%GST ) | ₹136394.18 |
| അധികം നൽകിയ തുക | ₹94728 |

2- പെയിന്റിംഗിന് ₹12869/-അധികം നൽകി.

അക്രിലിക് എക്സ്റ്റീരിയർ പെയിന്റ് ഉപയോഗിച്ച് 620.76 M$^2$ ഏരിയയിൽ പെയിന്റിംഗ് നടത്തിയതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ പ്ലാസ്റ്റിക് ഇമൽഷൻ പെയിന്റാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി (ഇനം നമ്പർ 31)

| ഇനം | പെയിന്റ് ചെയ്ത ഏരിയ | ₹നിരക്ക് | നൽകിയ തുക₹ |
|---|---|---|---|
| 14.66.1 Finishing Walls With Acryllic Smooth Exterior Paint Of Required Shade - Old Work | 620.76 M$^2$ | 100/m$^2$ | 62076 |

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (സ്ഥല പരിശോധനയിൽ കണ്ടെത്തിയത്)

| ഇനം | പെയിന്റ് ചെയ്ത ഏരിയ | അനുവദനീയമായ നിരക്ക് ₹ | | നൽകാവുന്ന തുക₹ |
|---|---|---|---|---|
| 14.53 Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An Even Shade: | 620.76m$^2$ | അടിസ്ഥാന നിരക്ക് – ₹55.25<br>(+) കോസ്റ്റ് ഇൻഡെക്സ്@48.71%-₹26.91 | 81.49/m$^2$ | 50585.73 |

| | | | | |
|---|---|---|---|---|
| 14.53.1 One Or More Coats On Old Work | | (-) ടെണ്ടർ കുറവ് @<br>0.82%-0.67 | | |
| അധികം നൽകിയ തുക(62076 -50585.73 +12% GST) | | | | 12869.10 |

രണ്ടിനങ്ങളിലുമായി ആകെ അധികം നൽകിയ തുക – ₹1,07597/- (94728+ 12869).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/30.07.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ₹1,07,597/-അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-31 പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് കല്ലാർ ജി.എച്ച്.എസ് കെട്ടിടം-മെയിന്റനൻസ് - നഷ്ടം ₹1,70,529/-

| പ്രോജക്ട് നമ്പർ 234/22 – കല്ലാർ ജി.എച്ച്.എസ് കെട്ടിടം മെയിന്റനൻസ് | |
|---|---|
| അടങ്കൽ | ₹3500000/-(മെയിന്റനൻസ് ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ വി.പി പ്രതീഷ് |
| കരാർ ഉടമ്പടി നമ്പർ | 119/T/AEE/LSGD/IDK/20-21 DT 18/11/21 |
| എം ബുക്ക് നമ്പർ | 459/19-20 |
| ബിൽ നമ്പർ & തുക | 21100652013601501981 തീ28.03.2022 ₹2987379 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ കല്ലാർ ജി.എച്ച്.എസ്. മെയിന്റനൻസിനുവേണ്ടി തയ്യാറിക്കിയ എസ്റ്റിമേറ്റിൽ ക്ലാസ് മുറികൾ, വരാന്ത എന്നിവയിലെ ടൈൽ പ്രവൃത്തികളും G.I ഷീറ്റ് മേൽക്കൂരയിലെ പെയിന്റിംഗ് പ്രവൃത്തികളും ഗ്രൗണ്ടിലെ ടൈൽ പാകലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എൽ.ഐ. ഡി.&ഇ.ഡബ്ല്യൂ. പാമ്പാടുംപാറ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയപ്പോൾ പ്രവൃത്തിയിൽ കണ്ടെത്തിയ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1. ടൈൽ പ്രവൃത്തിക്ക് ₹1,25,455.91 അധികം നൽകി

എം. ബുക്ക് പേജ് നമ്പർ 73 ഇനം 7ൽ ക്ലാസ് മുറികൾ, വരാന്ത എന്നിവിടങ്ങളിലായി 384.30m$^2$ വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനായി ₹1,480/m$^2$ നിരക്കിൽ ₹5,68,764/- ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വരാന്ത, സ്റ്റെപ്പുകൾ എന്നിവിടങ്ങളിൽ 227.32m$^2$ വിട്രിഫൈഡ് ടൈൽ വിരിച്ചതായി എം ബുക്ക് 3 മുതൽ 9 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും. എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ. പാമ്പാടുംപാറ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ഇവിടെ വിട്രിഫൈഡ് ടൈലിന് പകരം DSR 11.38 പ്രകാരമുള്ള Ceramic Tile ആണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ഇതിന്റെ അനുവദനീയമായ നിരക്ക് ₹1112.20/m$^2$ മാത്രമാണ് (DSR 2016 പ്രകാരമുള്ള അടിസ്ഥാന നിരക്ക് ₹747.90+ 48.71% Cost Index). പ്രസ്തുത ഇനം എക്സ്ട്രാ ഇനമായി കണക്കാക്കി ടെണ്ടർ കിഴിവ് 11.219 % കുറച്ചാൽ നൽകാവുന്നത് ₹987.42/m$^2$ മാത്രമാണ്. വിശദാംശം ചുവടെ നൽകുന്നു.

| | |
|---|---|
| Ceramic Tile ഉപയോഗിച്ച അളവ് - | 227.32/m$^2$ |
| നിരക്ക് | ₹1112.20/m$^2$ |
| ടെണ്ടർ കുറവ് | 11.219% |
| അനുവദിക്കാവുന്ന നിരക്ക് | ₹987.42 /M$^2$ |
| നൽകിയതുക (₹227.32 X1480m$^2$+12%GST) | ₹376805.63 |
| നൽകാവുന്ന തുക (₹227.32 X 987.42m$^2$+12% )GST | ₹251396.61 |
| അധികം നൽകിയ തുക | ₹125409.02 |

2- പെയിന്റിംഗ് പ്രവൃത്തിക്ക് - ₹45,120/- അധികം നൽകി

എം. ബുക്ക് ഇനം നമ്പർ 4 പ്രകാരം അക്രിലിക് പെയിന്റ് ഉപയോഗിച്ച് 5714.303 എം$^2$ പെയിന്റിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ പ്ലാസ്റ്റിക് എമൽഷൻ പെയിന്റ് ഉപയോഗിച്ചാണ് പെയിന്റിംഗ് നടത്തിയിരിക്കുന്നതെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വിശദാംശം ചുവടെ നൽകുന്നു.

| ഇനം | നിരക്ക് ₹ | ഏരിയ | നൽകിയ തുക ₹ |
|---|---|---|---|
| 14.66.1 Finishing Walls With Acryllic Smooth Exterior Paint Of Required Shade - Old Work | 80/m$^2$ | 5714.303 എം $^2$ | 457144.24 |

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (സ്ഥല പരിശോധയിൽ കണ്ടെത്തിയത്)

| ഇനം | നിരക്ക് ₹ | ഏരിയ | നൽകാവുന്ന തുക ₹ |
|---|---|---|---|
| 14.53 Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An Even Shade.<br>14.53.1 One Or More Coats On Old Work | 72.95/m$^2$ | 5714.303 എം$^2$ | 416858.40 |
| അധികം നൽകിയ തുക (457144.24-416858.40+12%GST) | 45120 | | |

രണ്ടിനങ്ങളിലുമായി ആകെ അധികം നൽകിയ തുക – ₹17,0,529.02 (45120+ 125409.02)

അധികം നൽകിയ തുക ₹1,70,529/-അളവ് രേഖപ്പെടുത്തിയ എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ. പാമ്പാടുംപാറ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത എൽ.ഐ. ഡി.&ഇ.ഡബ്ല്യൂ. നെടുങ്കണ്ടം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ ഐ ഡി & ഇ ഡബ്ല്യു ഇടുക്കി ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-32 ആദായ നികുതി ഈടാക്കിയതിൽ കുറവ് - ₹9,306/-

| പ്രോജക്ട് നമ്പർ 572/21- വഞ്ചിവയൽ സ്കൂൾ പ്രൊട്ടക്ഷൻ വാൾ നിർമ്മാണം | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹2300000/- |
| കൺവീനർ | ശ്രീ. കെ സെൽവൻ |
| കരാർ ഉടമ്പടി നമ്പർ | 81/BC/AEE/LSGD/IDK/2019-20 DT 17/03/20 |
| എം ബുക്ക് നമ്പർ | 381/19-20 |
| ആകെ പ്രവർത്തി മൂല്യം | ₹1938794/- |
| ബിൽനമ്പർ | 13601086947 തിയതി 09/02/22, ₹184185/-<br>13601442746 തിയതി 30/03/21, ₹1647975/- |

വഞ്ചിവയൽ സ്കൂൾ പ്രൊട്ടക്ഷൻ വാൾ നിർമ്മാണം പദ്ധതിയിൽ 1% നിരക്കിൽ ₹18322/- മാത്രമാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്. ബില്ലിൽ നിന്നും ഈടാക്കേണ്ട തുകകളുടെ കാര്യത്തിൽ ആദായ നികുതി കമ്മീഷണറുടെ 15.05.2020 ലെ നിർദ്ദേശ പ്രകാരം 1.5% നിരക്കിലാണ് ആദായ നികുതി ഈടാക്കേണ്ടത്. അതനുസരിച്ച് ആകെ പ്രവർത്തി മൂല്യമായിരുന്ന ₹19,38,794/- യിൽ

നിന്നും 5% OHC കുറച്ചുള്ള ₹18,41,855/- യുടെ 1.5% നിരക്കായ ₹27,628/- ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടിയിരുന്നു. ഈടാക്കിയതിൽ കുറവ് വന്ന ₹9,306/- (27628-18322) സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ -32 തീയതി 19/08/22 ന മറുപടി ലഭ്യമാക്കിയില്ല. കുറവായ ആദായ നികുതി നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

1-33 വള്ളക്കടവ് കുടിവള്ള പദ്ധതി - പതിമൂന്ന് ലക്ഷത്തോളം മുടക്കിയ കുടിവെള്ള പദ്ധതി ഉപയോഗപ്രദമല്ല - ചെലവ് തടസ്സം- ₹12,78,856/-

| പ്രോജക്റ്റ് നമ്പർ 823/22 – വള്ളക്കടവ് എസ്.സി. കോളനി കുടിവെള്ള പദ്ധതി | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹1500000/- |
| കരാറുകാരൻ | ശ്രീ. എസ്. ശ്രീകുമാർ |
| എം. ബുക്ക് നം | 376/2019-20 |
| ബിൽ നമ്പർ & തുക | 21100652013601520368 /30.03.2022 ₹1252915/- |
| | 20100652013601429753 /29.03.2021 ₹25941/- |

ഏലപ്പാറ ഗ്രാമ പഞ്ചായത്തിലെ വള്ളക്കടവ് എസ്.സി കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ബഹു വർഷ പ്രോജക്റ്റ് ആയി 2019-20ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം കുളത്തിന്റെ വശങ്ങൾ കെട്ടുകയും പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് വൈദ്യുതി കണക്ഷൻ, മോട്ടോർ, പമ്പ് തുടങ്ങിയവക്ക് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ₹12,78,856/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-34 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്

ഇടുക്കി ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് എക്സ്ക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്ബി.ഐ പൈനാവ് ശാഖയിലുള്ള 67278030532 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഈ തുക അതാത് പഞ്ചായത്തുകൾക്ക് തിരികെ നൽകേണ്ടതാണ്. ഇ-ടെണ്ടർ ഫീസ് രജിസ്റ്റർ പ്രകാരം നാളിതുവരെ തിരികെ നൽകിയ തുകയുടെ വിശദാംശം താഴെ നൽകുന്നു.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | തുക ₹ | ചെക്ക് നമ്പർ |
|---|---|---|---|
| 1 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 787162 | 045920 |
| 2 | വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്ത് | 205424 | 045921 |
| 3 | അടിമാലി ഗ്രാമ പഞ്ചായത്ത് | 436840 | 045878 |
| 4 | നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 1093000 | 045899 |
| 5 | കുമളി ഗ്രാമ പഞ്ചായത്ത് | 1157115 | 045877 |
| 6 | തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | 297740 | 052944 |
| 7 | കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് | 197436 | 355941 |
| 8 | കരിമണ്ണൂർ ഗ്രാമ പഞ്ചായത്ത് | 172263 | 352945 |
| 9 | പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് | 463713 | 352964 |
| 10 | ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് | 335571 | 352965 |
| 11 | കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | 25866 | 352966 |

| | | | |
|---|---|---|---|
| 12 | ആലക്കോട് ഗ്രാമ പഞ്ചായത്ത് | 23670 | 352967 |
| 13 | വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത് | 436353 | 352968 |
| 14 | കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | 833785 | 352969 |
| 15 | ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | 828847 | 352970 |
| 16 | ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് | 442336 | 352971 |
| 17 | ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | 788470 | 352972 |
| 18 | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 1044036 | 352973 |
| 19 | കൊന്നത്തടി ഗ്രാമ പഞ്ചായത്ത് | 179122 | 352974 |
| 20 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 1187746 | 352975 |
| 21 | കുടയത്തൂർ ഗ്രാമ പഞ്ചായത്ത് | 424821 | 420320 |
| 22 | ഇടുക്കി ജില്ലാ പഞ്ചായത്ത് | 2504500 | 429312 |
| | ആകെ | 13865816 | |

ഇ-ടെണ്ടർ ഫീസ് ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമുള്ള അക്കൗണ്ടാണിത്. ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും തിരികെ നൽകേണ്ട തുകയുടെ വ്യക്തമായ കണക്കുകൾ സ്ഥാപനത്തിൽ ലഭ്യമല്ല. 2013-14 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഭാരത് പെട്രോളിയം കോർപ്പറേഷനിൽ നിന്നും തിരികെ ലഭിച്ച തുക ₹13,48,017.89 യും ഈ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തത്. പ്രസ്തുത തുക നാളിതുവരെ വികസന ഫണ്ടിലേയ്ക്ക്തിരികെ ഒടുക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഓഫീസ് ചെലവുകൾക്കായി ഈ അക്കൗണ്ടിൽ നിന്നും തുകകൾ പിവൻവലിച്ചിട്ടുള്ളതായി കാണുന്നു. ദൈനംദിന ചെലവുകൾക്ക് പ്രത്യേക പ്രോജക്ട് മുഖേന തുക അനുവദിക്കുന്ന സാഹചര്യത്തിൽ അതേ ആവശ്യങ്ങൾക്ക് പ്രസതുത അക്കൗണ്ടിൽ നിന്നും തുക പിൻ വലിച്ച നടപടി ക്രമപ്രകാരമല്ല. 30.12.2022ൽ പ്രസ്തുത അക്കൗണ്ടിൽ ₹16,84,36,026.39 യുടെ നീക്കിയിരിപ്പ് ഉണ്ട്. അർഹതപ്പെട്ട തുകകൾ അതത് സ്ഥാപനങ്ങൾക്ക് കൈമാറിയും അപാകതകൾ പരിഹരിച്ചും വിവരം അറിയിക്കേണ്ടതാണ്.

1-35 പുതുക്കട എസ്.സി. സാംസ്കാരിക നിലയം - സ്റ്റീൽ പ്രവർത്തികൾക്ക് അധിക നിരക്ക് നൽകി.

| പദ്ധതി നമ്പർ 757/22 – പുതുക്കട എസ്.സി. സാംസ്കാരിക നിലയം പൂർത്തീകരണം | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എസ്കിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹1994000/- |
| കരാറുകാരൻ | ശ്രീ. പ്രിൻസ് ചെറിയാൻ |
| എം. ബുക്ക് നമ്പർ | 406/2019-20 |
| ബിൽ നം. & തുക | 211006520136014608З6 /25.03.2022 ₹676035/- |
| | 211006520136011368600 /18.03.2022 ₹856227/- |

ഉപ്പുതറ ഗ്രാമ പഞ്ചായത്തിലെ പുതുക്കട എസ്.സി. സാംസ്കാരിക നിലയം പൂർത്തീകരണം എന്ന പ്രവർത്തിയിൽ സ്റ്റീൽ പ്രവർത്തികൾക്ക് അനുവദനീയമായതിലും അധികമായ നിരക്കാണ് നൽകിയിരിക്കുന്നത്. എം. ബുക്ക് നമ്പർ 406/2019-20 പേജ് നമ്പർ 59,60 എന്നിവ പ്രകാരം താഴെ പരാമർശിക്കുന്ന സ്റ്റീൽ പ്രവർത്തികൾക്ക് 2016 PRICEലെ 50.10.01 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Steel Work In Built Up GI Tubular (Round, Squre/ Rectangular Hollow Tube Set) Truses Etc Including Cutting , Hositing , Fixing In Position And Applying A Priming Coat Of Approved Steel Primer , Including Welding Band Bolted With Special Shaped Washers Etc Complete എന്ന ഇനത്തിന് ബാധകമായ ₹135/Kg എന്ന നിരക്കാണ് നൽകിയിരിക്കുന്നത്. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സ്റ്റാന്റിനും ഗേറ്റിനുമായി 327.42 കി.ഗ്രാം സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന് യഥാർത്ഥത്തിൽ നൽകാവുന്നത് 2016 PRICE ലെ 10.25.02 സ്പെസിഫിക്കേഷൻ പ്രകാരമുള്ള Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works എന്ന ഇനത്തിന് ബാധകമായ നിരക്കായ ₹127.81

/കി.ഗ്രാം മാത്രമാണ്. ഇത് പ്രകാരം ഒരു കിലോഗ്രാമിന് ₹7.19 നിരക്കിൽ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

| ഇനം | ഉപയോഗിച്ച സ്റ്റീലിന്റെ അളവ് കി.ഗ്രാം | നൽകിയ നിരക്ക് (₹135/Kg) | നൽകാവുന്ന നിരക്ക് (₹127.81 /Kg) | അധികം നൽകിയത് ₹ |
|---|---|---|---|---|
| ഗേറ്റ് , വാട്ടർ ടാങ്ക് സ്റ്റാന്റ് | 327.42 | 44201.7 | 41847.55 | 2354.14 |

ആകെ അധികം നൽകിയ തുക 2354.14+ 282.49 (12% ജി.എസ്.റ്റി) = ₹2636.63. അധികം നൽകിയ തുക ₹2,637/- കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

അളവ് ബുക്ക് ഇനം 10 ആയി ഭിത്തിയിൽ Water Thinneble Cement Primer ഉപയോഗിച്ച് പെയിന്റ് ചെയ്തതിന് ₹45,092.90യും ഇനം 11 ആയി അക്രലിക് എമൽഷൻ ഉപയോഗിച്ചുള്ള പെയിന്റിംഗിന് ₹1,00,860/- യും നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നേരിട്ട് പരിശോധിച്ചതിൽ കെട്ടിടത്തിന്റെ അകത്തും പുറത്തും ഉള്ള ഭിത്തികളിൽ ചെയ്തിരിക്കുന്ന പെയിന്റിംഗ് അടർന്ന നിലയിൽ കാണപ്പെട്ടു. പ്രവർത്തികളിലെ ഗുണ നിലവാരമില്ലായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-36 വട്ടവട മാതൃകാ ഗ്രാമം സംരക്ഷണ ഭിത്തി - വ്യക്തമായ പഠനങ്ങൾ നടത്താതെ പദ്ധതി ആവിഷ്കരിച്ചു-ചെലവ് തടസ്സം ₹1860501/-

| പ്രോജക്റ്റ് നമ്പർ 486/22 – മോഡേൺ വില്ലേജ് റോഡ് പ്രൊട്ടക്ഷൻ വാൾ | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹2000000/- |
| കരാറുകാരൻ | ശ്രീ. എൽദോ എബ്രഹാം |
| എം ബുക്ക് നം | 46/2019-20 |
| ബിൽ നം & തുക | 20100652013601424250 തീ: 29.03.2021 ₹1207052/- |
| | 21100652013600307084 തീ:13.08.2021 ₹653449/- |

വട്ടവട ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന മോഡൽ വില്ലേജിലേക്കുള്ള റോഡിന്റെ സംരക്ഷണാർത്ഥം ഏറ്റെടുത്ത പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ഫണ്ടും ശുചിത്വ മിഷൻ, ജലനിധി, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ ഫണ്ടുകളും സമന്വയിപ്പിച്ചാണ് മോഡൽ വില്ലേജ് നിർമ്മാണം രൂപകല്പന ചെയ്തിരുന്നത്. ഇതിനായി കണ്ടെത്തിയ സ്ഥലത്തേക്കുള്ള റോഡിന്റെ സംരക്ഷണം ആണ് പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. 2019-20 വർഷം തുടങ്ങിയ സംരക്ഷണ ഭിത്തി നിർമ്മാണം പദ്ധതിയിൽ നാളിതുവരെ ₹1860501/- ചെലവഴിച്ചിട്ടുണ്ട്. മോഡൽ വില്ലേജിനായി കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമസ്ഥതാവകാശം സ്ഥിതീകരിക്കാത്തതിനാലും മണ്ണിടിച്ചൽ സാധ്യതയുള്ള പ്രദേശമായതിനാലും തുടർ പ്രവർത്തനങ്ങൾ നടത്താതെ പദ്ധതി ഉപേക്ഷിച്ച അവസ്ഥയിലാണ്. വ്യക്തമായ പഠനങ്ങൾ കൂടാതെ പദ്ധതി ഏറ്റടുത്തതു മൂലം പതിനെട്ട് ലക്ഷത്തിലധികം രൂപ പാഴ്ചെലവായി മറിയിരിട്ടുണ്ട്. പദ്ധതിരൂപീകരണ വേളയിൽ പദ്ധതിയുടെ അനുയോജ്യതയും വിജയസാദ്ധ്യതയും വിലയിരുത്താതെ പദ്ധതി ഏറ്റെടുത്ത് വൻതുക ചെലവഴിച്ച ശേഷം പ്രയോജന രഹിതമയ അവസ്ഥയിൽ ഉപേക്ഷിക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമാണ്. മേൽ സാഹചര്യത്തിൽ ₹1860501/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40 തീ24.04 2023) മറുപടി ലഭ്യമായില്ല. ഈ വിഷയത്തതിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 സേനാപതി ഗ്രാമ പഞ്ചായത്ത് -വട്ടപ്പാറ വനിതാ സാംസ്കാരിക നിലയം- അധിക തുക നൽകി - ₹28,973/-

| പ്രോജക്റ്റ് നമ്പർ 790/22- വട്ടപ്പാറ വനിതാ സാംസ്കാരിക നിലയം | |
|---|---|
| അടങ്കൽ | ₹15,00,000/-വികസനഫണ്ട് |
| കോൺട്രാക്ടർ | ശ്രീ പി.കെ വിജയൻ |

| | |
|---|---|
| കരാർ ഉടമ്പടി നമ്പർ | 313/AEE/LSGD/IDK/19-20 DT 16/03/2020 |
| എം ബുക്ക് നമ്പർ | 81/80-21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ബിൽ നമ്പർ & തുക | 211100652013601521427 തീ 30.03.2022 ₹69317<br>20100652013601442769 തീ 30.03.2021 ₹762767 |

സേനാപതി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വനിതാ സാംസ്കാരിക നിലയത്തിനായി 59 $M^2$ ഹാളും ടോയ്‌ലറ്റ് ബ്ലോക്കും നിർമ്മിക്കുന്നതിനായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ ഇതിനാവശ്യമായ സ്ഥലം തികയാതെ വന്നതോടെ ടോയ്‌ലറ്റ് ബ്ലോക്ക് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. ഒറിജിനൽ എസ്റ്റിമേറ്റിലെ 32-ാമത്തെ ഇനമായിരുന്ന സിമന്റ് പ്രൈമർ (Specification Number 13.43.1) പൂശുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഒഴിവാക്കി. ഒറിജിനൽ എസ്റ്റിമേറ്റിലെ 34-ാമത്തെ ഇനമായിരുന്ന Acrylic Emulsion Paint (Specification No 13.60.1) പൂശുന്നത് നിലനിർത്തുകയും ചെയ്തു. യഥാർത്ഥത്തിൽ സിമന്റ് പ്രൈമർ അടിച്ച പ്രതലത്തിലാണ് പുതിയ പ്രവൃത്തികളിൽ Acrylic Emulsion Paint പൂശേണ്ടത്. പുതിയ പ്രതലത്തിൽ നേരിട്ട് Acrylic Emulsion Paint ഉപയോഗിക്കാറില്ല.

എൽ ഐ ഡി & ഇ ഡബ്ല്യു സേനാപതി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോടൊപ്പം സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിടത്തിൽ നടത്തിയിരിക്കുന്ന പെയിന്റിംഗ് പ്രവൃത്തി 13.43.1 സ്പെസിഫിക്കേഷനിലുള്ള സിമന്റ് പ്രൈമർ നിറം ചേർത്ത് പെയിന്റ് ചെയ്യുക മാത്രമാണ് ചെയ്തിരിക്കുന്നതെന്ന് ബോധ്യമായി. എന്നാൽ എം ബുക്ക് പേജ് നമ്പർ 60 ൽ സ്പെസിഫിക്കേഷൻ 13.60.1 അനുസരിച്ചുള്ള Acrylic Emulsion Paint ആണ് പൂശിയിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പെയിന്റ് ചെയ്ത ഏരിയ | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| DSR സബ്ഹെഡ് – 13.60.1<br>Painting With Acrylic Emulsion Paint Of<br>Approved Brand And Manufacture Oto Give An<br>Even Shade : Rwo Or More Coats On New Work | 365.948 $M^2$ | 125.59/$m^2$ | 45959.41 |

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (സ്ഥല പരിശോധനയിൽ കണ്ടെത്തിയത്)

| ഇനം | പെയിന്റ് ചെയ്ത ഏരിയ | നിരക്ക് ₹ | നൽകാവുന്ന തുക ₹ |
|---|---|---|---|
| DSR സബ്ഹെഡ് – 13.43.1<br>Applying One Coat Of Water Thinnable Cement<br>Primer Of Approved Brand And Manufacture On Wall<br>Surface :Water Thinnable Cement Primer | 365.948 $M^2$ | 54.9/$m^2$ | 20090.54 |
| അധികം നൽകിയ തുക – 45959.41-20090.54 =<br>₹25869 +12.% GST | | 28973.28 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/30.07.2022 ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹28,973/- അളവ് രേഖപ്പെടുത്തിയ എൽ ഐ ഡി & ഇ ഡബ്ല്യു സേനാപതി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, അളവുകൾ ചെക്ക് മെഷർ ചെയ്ത എൽ ഐ ഡി & ഇ ഡബ്ല്യു നെടുങ്കണ്ടം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ ഐ ഡി & ഇ ഡബ്ല്യു ഇടുക്കി ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-38 മണക്കാട് ഗ്രാമ പഞ്ചായത്ത്-അരിക്കുഴ യുവജനക്ഷേമകേന്ദ്രം പെയിന്റിംഗ്- കരാറുകാരന് തുക അധികം നൽകി നഷ്ടം ₹16,449/-

| പ്രോജക്ട് നമ്പർ 797/22 – അരിക്കുഴ യുവജനക്ഷേമകേന്ദ്രം മെയിന്റനൻസ് | |
|---|---|
| കോൺട്രാക്ടർ | ശ്രീ എം. ബി ബിജു. |
| കരാർ നമ്പർ | 280/Q/AEE/LSGD/IDK/19-20 DT 07/03/2020 |
| അടങ്കൽ | ₹1000000/- |
| എം ബുക്ക് നമ്പർ | 179/2020-21 |
| ബിൽ നമ്പർ & തുക | 211000652013601484339 തീ 260.03.2022 തുക ₹888420/- |

മണക്കാട് ഗ്രാമപഞ്ചായത്തിലെ അരിക്കുഴ യുവജനക്ഷേമകേന്ദ്രത്തിൽ പെയിന്റിംഗ് നടത്തിയതിന് അളവു ബുക്കിലെ തെറ്റായ രേഖപ്പെടുത്തൽ മൂലം കരാറുകാരന് അധികം പണം നൽകിയിട്ടുണ്ട്. എം.ബുക്ക് ഇനം നമ്പർ 27 പേജ് നമ്പർ 51, 52 ഇൽ Acrylic Emulsion പെയിന്റ് പൂശിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 52,53 പേജുകളിൽ ഇനം നമ്പർ 28 ആയി സിന്തറ്റിക്ക് ഇനാമൽ പെയിന്റ് ഇതേ പ്രതലത്തിൽ പൂശിയിരിക്കുന്നതായി രേഖപ്പെടുത്തിയതാണ് അധികം പണം നൽകാൻ ഇടയാക്കിയത്.

| എം.ബുക്ക് ഇനം നമ്പർ | ഇനം | പെയിന്റ് ചെയ്ത ഏരിയ | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|---|
| 27 | 13.60.1<br>All Painting With Acrylic Emulsion [Paint Of Approved Brand And Manufacture To Give An Even Ehade Two Or More Coats On New Work -129.05m2 | 129.05 $M^2$ | 117.31/$m^2$ | 15138.86 |
| 28 | 13.62.1<br>Painting With Synthetic Enamel Paint Ofn Approved Brand An D Manufacture Of Of Required Colour To Given Even Shade -116..029 M2 | 116.029$m^2$ | 156/$m^2$ | 18100 |

സിന്തറ്റിക്ക് ഇനാമൽ പെയിന്റ് പൂശിയിരിക്കുന്നതായി കൊടുത്തിട്ടുള്ള അളവുകളിൽ Acrylic Emulsion പെയിന്റ് പൂശിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള ഭിത്തിയും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. സിന്തറ്റിക്ക് ഇനാമൽ പെയിന്റ് സാധാരണയായി തടിയിലും ലോഹപ്രതലങ്ങളിലുമാണ് ഉപയോഗിക്കാറുള്ളത്. 10.584 സ്ക്വയർ മീറ്റർ മാത്രമാണ് തടി ഉപയോഗിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് നൽകാവുന്ന തുക 10.584$m^2$ X₹156 = ₹1,651.104/- മാത്രമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/30.07.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹16,449/- (18100.52-1651.104) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക അളവ് രേഖപ്പെടുത്തിയ എൽ ഐ ഡി & ഇ ഡബ്ല്യു മണക്കാട് സെക്ഷൻ അസി. എഞ്ചിനീയർ, അളവുകൾ ചെക്ക് മെഷർ ചെയ്ത എൽ ഐ ഡി & ഇ ഡബ്ല്യു തൊടുപുഴ സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ ഐ ഡി & ഇ ഡബ്ല്യു ഇടുക്കി ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-39 ദേവികുളം ഫാഷൻ ഡിസൈൻ സ്കൂൾ കെട്ടിടം മെയിന്റനൻസ് - നഷ്ടം ₹49,160/-

| പ്രോജക്ട് നമ്പർ 215/22<br>ഫാഷൻ ഡിസൈൻ സ്കൂൾ കെട്ടിടം മെയിന്റനൻസ്. | |
|---|---|
| അടങ്കൽ | ₹1000000/- |
| കോൺട്രാക്ടർ | ശ്രീ. ആർ. അനീഷ് കുമാർ |
| കരാർ ഉടമ്പടി നമ്പർ | 210/T/AEE/LSGD/IDK/21-22 Dt 18/01/2022 |
| എം ബുക്ക് നമ്പർ | 352/19-20 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ബിൽ നമ്പർ 13601417369 /23.03.2022 ₹1085707/- | |

ദേവികുളം ഫാഷൻ ഡിസൈൻ സ്കൂൾ കെട്ടിടം മെയിന്റനൻസ്, റൂഫിംഗ്, സംരക്ഷണഭിത്തി നിർമ്മാണം എന്നിവയ്ക്കായി തയ്യാറാക്കിയതാണ് പ്രോജക്റ്റ്. 2016 – ലെ DSR പ്രകാരം 49.69% കോസ്റ്റ് ഇൻഡെക്സ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 8.60% അധിക തുക അനുവദിച്ച ഈ പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി

| അളവ് ബുക്ക് ഇനം നമ്പർ- DSR സബ് ഹെഡ് നമ്പർ<br>പ്രവൃത്തിയിനം | അനുവദനീയമായ നിരക്ക് ₹ | ക്വോട്ട് ചെയ്ത നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| 9- 14.43<br>Removing White Or Colour Wash By Scrapping And Sand Papering And Preparing The<br>Surface Smooth Including Necessary Repairs To Scratches Etc. Complete | 12.50/$m^2$ | 13.58/$m^2$ | (400.19$m^2$ X ₹13.58)+(77.48 $M^2$ X₹12.50)<br>എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതലായി ചെയ്ത 77.48 $M^2$ പ്രവർത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹12.50/$m^2$ ആണ് നൽകിയിരിക്കുന്നത് 6403.08+GST |
| 10-13.46.1<br>Finishing Walls With Acrylic Smooth Exterior Paint Of Required Shade :<br>New Work (Two Or More Coat Applied @ 1.67 Ltr/10 $M^2$ Over And Including<br>Priming Coat Of Exterior Primer Applied @ 2.20 Kg/10 $M^2$) | 143.78/m2 | 156.15/m2 | (458.94$m^2$ X ₹156.15) + (66.66 $M^2$ X₹143.78)<br>എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതലായി ചെയ്ത 66.66 $M^2$ പ്രവർത്തിക്ക് എസ്റ്റിമേറ്റ് നിരക്കായ ₹143.78/$m^2$ ആണ് നൽകിയിരിക്കുന്നത്<br>80672.73 |

ഈ കെട്ടിടത്തിൽ നിലവിലുണ്ടായിരുന്ന പെയിന്റ് പൂർണ്ണമായും നീക്കം ചെയ്യുന്ന പ്രവർത്തിയാണ് ഇനം നമ്പർ 9. ഇതിന് ശേഷം ഈ പ്രതലത്തിൽ Acrylic Smooth Exterior Paint പൂശുന്നതാണ് ഇനം നമ്പർ 10. ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നേരിട്ടുള്ള പരിശോധനയിൽ നിലവിലുണ്ടായിരുന്ന പെയിന്റ് നീക്കം ചെയ്യാതെ പഴയ പ്രതലത്തിൽ Plastic Emulsion Paint പൂശിയിരിക്കുന്നതാണ് കണ്ടെത്തുവാൻ സാധിച്ചത്. പഴയ പെയിന്റ് പല ഭാഗങ്ങളിലും തെളിഞ്ഞ് കാണുവാൻ സാധിക്കുന്നുണ്ട്.

സ്ഥല പരിശോധനയിൽ കണ്ടെത്തിയ പ്രവർത്തി

| ഇനം | നിരക്ക് ₹ | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | 12% ജി.എസ്.റ്റി ഉൾപ്പെടെ നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| ഇനം 9-ചെയ്തിട്ടില്ല | - | 0 | 6403.8 | 7172.00 | 7172 |
| DSR സബ് ഹെഡ് നമ്പർ 14.53.1<br>Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An | 82.79/$m^2$ | 521.60 $M^2$ X 82.79 | (458.94 $M^2$ X 156.15) +(62.66 $M^2$ X 143.78) | 90953.45 | 41988.49 |

| | | | | | |
|---|---|---|---|---|---|
| Even Shade:<br>One Or More Coats On Old Work | | 43183+ 12%<br>GST=<br>48364.96 | 80672.73 | | |
| ആകെ അധികം നൽകിയത് | | | | | 49160.49 |

₹49,160/- അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 31/17.08.2022 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. അധികം നൽകിയ തുക ₹49,160/- കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം അളവ് രേഖപ്പെടുത്തിയ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-40 കുമാരമംഗലം ശാസ്താവ് റോഡ്- കല്ലങ്ക് റോഡ് പുനരുദ്ധാരണം- കരാറും പൂർത്തീകരണവും വൈകിയതിന് പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ 04/22 – കുമാരമംഗലം ശാസ്താവ് റോഡ്- കല്ലങ്ക് റോഡ് പുനരുദ്ധാരണം | |
|---|---|
| അടങ്കൽ | ₹10,00,000/- തനത് ഫണ്ട് |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ എ.പി ഇബ്രാഹീം |
| അളവു പുസ്തകം നമ്പർ | 195/20-21 |
| എഗ്രിമെന്റ് നമ്പർ | 309/T/AEE/LSGD/IDK/2019-20 DT 12/03/20 |
| ചെക്ക് നമ്പർ ടി എസ് ബി 6668345/13.12.2021/₹924233/- | |

എ) പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിനുള്ള പിഴ ഈടാക്കിയില്ലയില്ല.

കുമാരമംഗലം ഗ്രാമ പഞ്ചായത്തിലെ ശാസ്താവ് റോഡ് - കല്ലങ്ക് റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും പിഴയീടാക്കിയെങ്കിലും തനത് ഫണ്ടായി പരിഗണിച്ചിട്ടില്ല.

ആകെ പ്രവർത്തി മൂല്യമായ ₹83264/- യുടെ 1% പിഴയായ ₹8326/- ബില്ലിൽ നിന്നും നികുതികൾക്കൊപ്പം കുറവ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം ₹8326/-കുറവ് ചെയ്ത വേലമൂല്യത്തിൽ നിന്ന് ആദ്യം തന്നെ കുറവ് ചെയ്തതിന് ശേഷമുള്ള തുകയ്ക്കാണ് കരാറുകാരന് തുക അനുവദിച്ചത് (Short Drawal Mthod). ആയതിനാൽ ജില്ലാപഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ ലഭിക്കേണ്ട ₹8326/- കുറവ് വന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) യഥാസമയം കരാറിൽ ഏർപ്പെടാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല -നഷ്ടം ₹8,589 /-

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന്റെ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകേണ്ടതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാതിരുന്നാൽ 10 ദിവസം കൂടി കരാർ തുകയുടെ 1% പിഴ ഈടാക്കി (ചുരുങ്ങിയത് ₹1,000/- പരമാവധി ₹25,000/-) കരാറുടമ്പടി വെയ്ക്കാവുന്നതാണ്. ഇതിന് ശേഷവും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയിൽ വീഴ്ച വരുത്തിയ ശ്രീ എ.പി ഇബ്രാഹീം എന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിനാൽ ₹8589/- /യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സെലക്ഷൻ നോട്ടീസ് തീയതി | പിഴ ഇല്ലാതെ കരാറുടമ്പടി വെക്കേണ്ട അവസാന തീയതി | പിഴയോട് കൂടി കരാറുടമ്പടി വെക്കേണ്ട അവസാന തീയതി | കരാറുടമ്പടി വെച്ച തീയതി | പിഴ (കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 1%) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 04.02.2020 | 18.02.2020 | 28.02.2020 | 12.03.2020 | 8589 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28 തീയതി 03.08.2022) മറുപടി ലഭ്യമായില്ല. പിഴയിനത്തിൽ നഷ്ടമായ ₹8,589/- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-41 കുമളി ഗ്രാമപഞ്ചായത്ത്- വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ- പദ്ധതി പൂർത്തീകരിച്ചില്ല. ചെലവ് തടസ്സം ₹385782/-

| പ്രോജക്ട് നമ്പർ 740/22 വെള്ളാരംകുന്ന് കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എസ്കിക്യൂട്ടീവ് എഞ്ചിനീയർ |
| അടങ്കൽ | ₹500000/- (എഫ് സി ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ശിവകുമാർ രാജേന്ദ്രൻ |
| എം ബുക്ക് നമ്പർ | 780/2019-20 |
| ബിൽ നമ്പർ & തുക | 21100652013601368593 /18.03.2022 ₹385782/- |

2017-18 ൽ പത്ത് ലക്ഷം രൂപ വകയിരുത്തി കുമളി ഗ്രാമപഞ്ചായത്തിലെ വെള്ളാരംകുന്നിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുകയും 2020-21 സാമ്പത്തിക വർഷാവസാനം ടോയിലറ്റ് കോംപ്ലക്സ് ഭാഗികമായി മാത്രം നിർമ്മിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. തുടർന്ന് 2020-21 ൽ പദ്ധതിയുടെ പൂർത്തീകരണത്തിന് ₹500000/- വകയിരുത്തി. 2021-22 സാമ്പത്തിക വർഷം ₹385782/- ചെലവഴിച്ചെങ്കിലും ഇതുവരെ പദ്ധതി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ടോയിലറ്റ് കോംപ്ലക്സിലേയ്ക്ക് പ്രവേശിക്കുവാൻ പോലും സാധിക്കാത്ത രീതിയിൽ ചുറ്റപാടും കാട് നിറഞ്ഞിട്ടുണ്ട്. ടോയിലറ്റ് കോംപ്ലക്സിലേയ്ക്ക് ആവശ്യമായ വഴി,വെള്ളം,വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ തുടർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ ₹385782/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 39/24.04.2023) ക്ക് മറുപടി ലഭ്യമാക്കിയില്ല.

1-42 റി-ടെൻഷൻ തുക പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി സൂക്ഷിക്കുന്നില്ല.

സർക്കാർ ഉത്തരവ് (അ) നം 429/2015/ധന. തീയതി 28/09/2015 പ്രകാരം പാർട്ട് ബില്ലിൽ നിന്ന് വേലമൂല്യത്തിന്റെ 2.5% തുക വസൂലാക്കി പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനത് ഫണ്ടിൽ സൂക്ഷിക്കേണ്ടതും ഫൈനൽ ബില്ലിനോടൊപ്പം ഈ തുക കരാറുകാരന് തിരികെ നൽകേണ്ടതുമാണ്. എന്നാൽ പല പ്രവർത്തികളിലും 2.5% തുക ആകെ തുകയിൽ നിന്ന് റീടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത ശേഷമാണ് പാർട്ട് ബില്ലുകൾ തയ്യാറാക്കിയിരിക്കുന്നത്. ഇത് മൂലം 2.5% പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. തൻമൂലം തുടർന്നുള്ള വർഷത്തെ വകയിരുത്തലിൽ പ്രസതുത തുക കൂടി അധികമായി കണ്ടെത്തേണ്ടി വരുന്നുണ്ട്.

കുമളി ഗ്രാമ പഞ്ചായത്തിലെ അമരാവതി പാണ്ടിക്കുഴി റോഡ് (05/2022), ഉടുമ്പൻചോല ഗ്രാമ പഞ്ചായത്തിലെ ശ്ലീവാമല - കേഴപ്ലാക്കൽപ്പടി റോഡ് (736/2022) എന്നിവ ഉദാഹരണങ്ങൾ ആണ്. ഇത്തരം അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-43 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

വിവിധ ഗ്രാമപഞ്ചായത്തുകളിലായി 6 കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ₹50,13,000/- ഭൂജല വകുപ്പ് ഇടുക്കി ജില്ലാ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പരും തീയതിയും | തുക ₹ |
|---|---|---|---|---|
| 1. | 442 | പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് വലിയതോവാള പൂവേഴ്സ് മൗണ്ട് കാരുണ്യ കുടിവെള്ള പദ്ധതി | 2110065201101518743 തീ :30.03.2022 | 830000 |
| 2. | 439 | കരുണാപുരം ഗ്രാമപഞ്ചായത്ത് കുഴിക്കണ്ടം കുടിവെള്ള പദ്ധതി | 211006520110148782 തീ :30.03.2022 | 1000000 |
| 3. | 460 | കരുണാപുരം ഗ്രാമപഞ്ചായത്ത് നാലുമുക്ക് കുടിവെള്ള പദ്ധതി | 211006520110148792 തീ :30.03.2022 | 1000000 |
| 4 | 299 | നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ടാങ്കുപാറ എസ്. സി. കോളനി കുടിവെള്ള പദ്ധതി | 211006520110149443 തീ :27.03.2022 | 1000000 |
| 5 | 926 | പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് ഇല്ലിക്കാനംപടി എസ്. സി. കോളനി കുടിവെള്ള പദ്ധതി | 2110065201101498428 തീ :27.03.2022 | 783000 |
| 6 | 416 | കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് തപോവനം കുടിവെള്ള പദ്ധതി | 2110065201101518792 തീ :30.03.2022 | |
| ആകെ | | | | 5013000 |

പദ്ധതികൾ പൂർത്തീകരിക്കാത്ത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 35/23.03.2023 നൽകിയതിന് ജില്ലാ ഭൂജല വകുപ്പ് ഓഫീസറുടെ 20.03.2023ലെ ജി.ഡബ്ല്യൂ.ഡി.ഐ/864/21 കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 4 ഒഴികെയുള്ള 5 പദ്ധതികളിലും കുഴൽ കിണർ നിർമ്മിച്ചെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നാണ് കത്തിൽ വിശദീകരിച്ചിട്ടുള്ളത്. ക്രമ നമ്പർ 4ൽ പരാമർശിക്കുന്ന നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ ടാങ്കുപാറ എസ്. സി. കോളനി കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ജലലഭ്യത കുറവ് മൂലം പദ്ധതി ഉപേക്ഷിക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണം മാത്രം നടത്തുകയും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ നടത്തി കുടിവെള്ള പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹50,13,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-44 ജവഹർ ഹൗസിംഗ് സ്കീം പലിശ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നമ്പർ377/22 – ജവഹർ ഹൗസിംഗ് സ്കീം പലിശ

വൗച്ചർ നമ്പർ 827/2503.2022 ചെക്ക് നമ്പർ 6668396/2503.2022 ₹ 1,50,00,000/-

ജവഹർ ഭവന പദ്ധതിക്കായി ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ എടുത്ത വായ്പയുടെ പലിശയിനത്തിൽ ₹1,50,00,000/- തൻവർഷം ജില്ലാ പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. 27.05.2015ലെ സ.ഉ (സാധാ) നമ്പർ 1577/തസ്വഭവ പ്രകാരമാണ് ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി ജവഹർ ഭവന പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രകാരം 11% പലിശ നിരക്കിൽ ഇടുക്കി ജില്ലാ സഹകരണ ബാങ്ക് വായ്പ നൽകുന്നതും ഇതിൽ 5% പലിശ ഗ്രാമ പഞ്ചായത്തും 1% പലിശ ബ്ലോക്ക് പഞ്ചായത്തും 5% പലിശ ജില്ലാ പഞ്ചായത്തും വഹിക്കേണ്ടതുമാണ്. പദ്ധതിയുടെ ഏകോപന ചുമതല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കാണ് (നിലവിൽ ജോയിന്റ് ഡയറക്ടർ). 2016-2017 മുതൽ 2022-2023 വരെ പലിശയിനത്തിൽ ജില്ലാ പഞ്ചായത്ത് ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-2017 | ₹9032000/- |
| 2017-2018 | ₹25278187/- |
| 2018-2019 | ₹18200000/- |
| 2019-2020 | ₹13300000/- |
| 2020-2021 | ₹10500000/- |
| 2021-2022 | ₹15000000/- |
| 2022-2023 | ₹10000000/- |

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച വായ്പയുടെ പലിശ കേരളാ ബാങ്ക് ഡിമാന്റ് ചെയ്യുന്നതനുസരിച്ച് ഒടുക്കുകയാണ് ചെയ്യുന്നത് പലിശ കണക്കാക്കിയിരിക്കുന്നതിലെ കൃത്യത പരിശോധിക്കുന്നതിനോ മോണിറ്റർ ചെയ്യുന്നതിനോ യാതൊരു സംവിധാനവും നിലവിലില്ല. ഓരോ ഗ്രാമ പഞ്ചായത്തും സ്വീകരിച്ച വായ്പ, തിരിച്ചടക്കുന്ന മുതൽ, ബാക്കി നിൽക്കുന്ന തുക, ബാധകമായ പലിശ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് ഏകോപന ചുമതലയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാക്കി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തതനുസരണം ബാങ്ക് ഡിമാന്റ് ചെയ്യുന്ന തുകയുടെ കൃത്യത ഉറപ്പാക്കിയ ശേഷം മാത്രം പലിശ ഒടുക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തുകൾ വായ്പ എടുക്കുന്നതും തിരിച്ചടക്കുന്നതും സംബന്ധിച്ച വിവരങ്ങൾ ജില്ലാ പഞ്ചായത്തിന് ലഭ്യമാകുന്നതിനും വിവിധ തലങ്ങളിലുള്ള ഏകോപനം സാധ്യമാകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-45 പദ്ധതി നിർവഹണത്തിനായി മറ്റു സ്ഥാപനങ്ങൾക്കു നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

സെക്രട്ടറി നടപ്പാക്കിയ എസ്. എസ്. എ. വിഹിതം നൽകൽ, കോവിഡ് പ്രതിരോധ പ്രവർത്തനം, തൂക്കുപാലം മാർക്കറ്റ് നിർമാണം എന്നിവ. ഈ പ്രോജക്ടുകൾക്കായി നിർവ്വഹണ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട ₹2,76,18,878/- കൈമാറിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പൂർണമായും ഹാജരാക്കിയിട്ടില്ല. എസ് എസ് എ വിഹിതമായി സമഗ്ര ശിക്ഷ കേരളയുടെ സംസ്ഥാന പ്രോജക്ട് ഡയറക്ടർക്ക് ₹1,76,18,878/-ഉം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് ₹50,00,000/-ഉം തൂക്കുപാലം മാർക്കറ്റ് നിർമാണത്തിന് കരുണാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ₹50,00,000/-ഉമാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ് എസ് എ വിഹിതമായി നൽകിയ തുകയുടെ വിവരം.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/തീയതി/ തുക | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 314/22 | എസ്. എസ്. എ. വിഹിതം (ടി എസ് പി) | 682774/22.11.2021<br>₹500000/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| 2 | 308/22 | എസ്. എസ്. എ. വിഹിതം (എസ് സി പി) | 682778/22.11.2021<br>₹621480/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| 3 | 946/22 | എസ്. എസ്. എ. വിഹിതം (ജനറൽ) | 749636/06.12.21<br>₹1351138/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| 4 | 1009/22 | എസ്. എസ്. എ. വിഹിതം (എസ് സി പി) | 138937/16.02.22<br>₹8681000/-<br>138925/16.02.222<br>₹3609056/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| 5 | 1143/22 | എസ്. എസ്. എ. വിഹിതം (ടി എസ് പി) | 518764/30.03.22<br>₹2240000/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| 6 | 1144/22 | എസ്. എസ്. എ. വിഹിതം (ജനറൽ) | 518755/30.30.22<br>₹616204/- | എസ്. എസ്.കെ. സംസ്ഥാന പ്രോജക്ട് ഡയറക്ടർ |
| ആകെ | | | ₹17618878/- | |

2)അടിമാലി ബ്ലോക്ക് പഞ്ചായത്ത്, കരുണാപുരം ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്കു നൽകിയ തുകയുടെ വിവരം.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ബിൽ നമ്പർ/ തീയതി/തുക ₹ | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 465/22 | കോവിഡ് പ്രതിരോധ പ്രവർത്തനം-അടിമാലി താലൂക്ക് ആശുപത്രിക്ക് ഓക്സിജൻ പ്ലാന്റ് - വിഹിതം | 872675/31.12.2021/ ₹5000000/- | അടിമാലി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 2 | 293/22 | കരുണാപുരം ഗ്രാമപഞ്ചായത്ത് - തൂക്കുപാലം മാർക്കറ്റ്- ജില്ലാപഞ്ചായത്ത് വിഹിതം | 045847/02.02.22 ₹5000000/- | കരുണാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| | | ആകെ | ₹10000000/- | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിൽ വിശദീകരണം ആവിശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (37 /24.03.2023) മറുപടി ആയി ഹാജരാക്കിയ എസ്.എസ്.കെ ഇടുക്കി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 30.03.2022ലെ എ2/62/2021/എസ്.എസ്.കെ/ ഐഡികെ നമ്പർ കത്തിൽ 2021-22 വർഷം ₹1,48,90,056/- ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടുണ്ട്. ആകെ നൽകിയ ₹1,76,18,878/-ൽ അവശേഷിക്കുന്ന ₹27,28,822/- കൈപ്പറ്റിയതിന്റെയോ വിനിയോഗിച്ചതിന്റയോ വിവരങ്ങൾ ലഭ്യമല്ല. വിനിയോഗ വിവരം ലഭ്യമായ തുകയും ലഭ്യമാകുവാൻ അവശേഷിക്കുന്ന തുകയും പട്ടികയിൽ ചേർത്തിരിക്കുന്നവയിൽ ഏത് ബില്ലിൽ ഉൾപ്പെട്ടതാണെന്ന് തിരിച്ചറിയുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ എസ്.എസ്.എ വിഹിതമായി നൽകിയ ₹1,76,18,878/-യും അടിമാലി ബ്ലോക്ക് പഞ്ചായത്ത്, കരുണാപുരം ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്കായി നൽകിയ ₹1,00,00,000/-യും ഉൾപ്പെടെ ₹2,76,18,878/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-46 കുടുംബശ്രീക്ക് നൽകിയ റിവോൾവിംഗ് ഫണ്ട് -തിരികെ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ 118/22 – കൈത്താങ്ങ് - കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് | |
|---|---|
| അടങ്കൽ | ₹5200000/- (വികസനഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ-കുടുംബശ്രീ |

"കൈത്താങ്ങ് -കുടുംബശ്രീ മൈക്രോ സംരംഭക യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് " എന്ന പദ്ധതിയിൽ ഒരു സംഘത്തിന് ₹50000/-വീതം ചുവടെ ചേർത്തിരിക്കുന്ന 96 സംഘങ്ങൾക്കായി ₹4800000/-നൽകിയിട്ടുണ്ട്.

| ക്രമനം | സി.ഡി.എസ് | സംരംഭം | |
|---|---|---|---|
| 1 | അടിമാലി | സതേൺ ഫുഡ് പ്രോഡക്ട്സ് | വേ സൈഡ് ഹോട്ടൽ |
| 2 | ആലക്കോട് | മഹിമ കൺസ്ട്രക്ഷൻ യൂണിറ്റ് | ഹരിത ക്ലോത്ത് ബാഗ് & ടൈലറിംഗ് യൂണിറ്റ് |
| 3 | അറക്കുളം | വർണ്ണം ടെയിലറിംഗ് & ഗാർമെന്റ്സ് | വിസ്മയ ടൈലറിംഗ് യൂണിറ്റ് |
| 4 | അയ്യപ്പൻകോവിൽ | വർണ്ണം ആക്ടിവിറ്റി ഗ്രൂപ്പ് | വിമല മഷ്റൂം യൂണിറ്റ് |
| 5 | ബൈസൺവാലി | അലൻസ് ബേക്കറി & സ്പൈസസ് യൂണിറ്റ് | - |
| 6 | ചക്കുപള്ളം | സ്ലോ വൈറ്റ് | നൈസ് ബേക്കറി യൂണിറ്റ് |
| 7 | ചിന്നക്കനാൽ | ടക്കിംഗ് യൂണിറ്റ് | ഏഞ്ചൽ ടെക്സ്റ്റൈൽസ് |
| 8 | ദേവികുളം | അണ്ണാ തെരേസാ ടോയിലറ്ററീസ് | ജനകീയം ഹോട്ടൽ |
| 9 | ഇടവെട്ടി | എസ്.ഒ.എസ് അച്ചാർ യൂണിറ്റ് | ശ്രീ നന്ദ ചവിട്ടി യൂണിറ്റ് |

| | | | |
|---|---|---|---|
| 10 | ഇരട്ടയാർ | ജോവി ഫുഡ്സ്, മീനാക്ഷി ഫുഡ് പ്രോഡക്ട്സ് | സമന്വയ കഫേ യൂണിറ്റ് |
| 11 | കാമാക്ഷി | നവയുഗ ക്ലോത്ത് ബാഗ് യൂണിറ്റ് | ഹൈജനിക് സേഫ്റ്റി ക്ലോത്ത് യൂണിറ്റ് |
| 12 | കാഞ്ചിയാർ | ലക്ഷ്മി കൺസ്ട്രക്ഷൻസ്, പ്രിന്റ് ടെക് ഓഫ്സെറ്റ് പ്രസ്സ് | അമൽ ഫുഡ് പ്രോഡക്ട്സ്, മരിയ ടെയിലറിംഗ് |
| 13 | കഞ്ഞിക്കുഴി | ഡ്രീംസ് കൺസ്ട്രക്ഷൻസ് യൂണിറ്റ് | കുടുംബിനി ക്രഡിറ്റ് സ്റ്റോർ |
| 14 | കരിമണ്ണൂർ | വർഷ കൺസ്ട്രക്ഷൻസ് യൂണിറ്റ് | ഹരിത ക്യാരി ബാഗ് യൂണിറ്റ് |
| 15 | കരിങ്കുന്നം | എലിസ ടൈലറിംഗ് യൂണിറ്റ് | താബോർ മെഴുകുതിരി യൂണിറ്റ് |
| 16 | കരുണാപുരം | അനുഗ്രഹ ടൈലറിംഗ് യൂണിറ്റ് | നവപുണ്യ ആക്ടിവിറ്റി |
| 17 | കോടിക്കുളം | വെണ്മ സോപ് യൂണിറ്റ് | കീർത്തി ഫിഷ് ഫാം |
| 18 | കൊക്കയാർ | ധനലക്ഷ്മി ടൈലറിംഗ് യൂണിറ്റ് | അനുഗ്രഹ ആക്ടിവിറ്റി യൂണിറ്റ് |
| 19 | കൊന്നത്തടി | അനുഗ്രഹ ടൈലറിംഗ് യൂണിറ്റ് | നവമി കൈത്തറി യൂണിറ്റി |
| 20 | കുടയത്തൂർ | ബിസ്മി നൈറ്റി സെന്റർ | ജോയൽ ഫുഡ്സ് |
| 21 | കുമാരമംഗലം | ലാവണ്യ ടൈലറിംഗ് യൂണിറ്റ് | മേന്മ ടൈലറിംഗ് യൂണിറ്റ് |
| 22 | മണക്കാട് | നിർമൽ കോട്ടൺ ബാഗ് യൂണിറ്റ്,<br>മീനാക്ഷി ടൈലറിംഗ് യൂണിറ്റ് | ശ്രേയസ് കറി പൗഡർ യൂണിറ്റ് |
| 23 | മാങ്കുളം | ഏഞ്ചൽ ക്ലോത്ത് ബാഗ് യൂണിറ്റ് | സുരഭി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് |
| 24 | മറയൂർ | ഐശ്വര്യ കാറ്ററിംഗ് യൂണിറ്റ് | ഇമശ്രീ ശർക്കര യൂണിറ്റ് |
| 25 | മരിയാപുരം | സങ്കീർത്തന കർട്ടൺ യൂണിറ്റ് | ചിഞ്ചൂസ് ഗാർമെന്റ്സ് |
| 26 | മൂന്നാർ | മേരിമാതാ റൈസ് പൗഡർ യൂണിറ്റ് | ജാസ്മിൻ ഹോംമെയിഡ് ചോക്ലേറ്റ് |
| 27 | നെടുംങ്കണ്ടം | ഗൗനിക ടൈലറിംഗ് യൂണിറ്റ് | മില്ലർ ഫാഷൻസ് |
| 28 | പള്ളിവാസൽ | കിങ്ങിണി ടൈലറിംഗ് യൂണിറ്റ് | മിന്നാരം ജാക്ക് ഫ്രൂട്ട് പ്രോഡക്ട്സ് |
| 29 | പാമ്പാടുംപാറ | മിത്രൂ വലിയതോവാള | തപസ്യ മഷ്റൂം കല്ലാർ |
| 30 | പീരുമേട് | മൂൺലൈറ്റ് കാൻഡിൽസ് | ക്ലീൻ & സേഫ് കാരി ബാഗ് യൂണിറ്റ് |
| 31 | പെരുവന്താനം | അനുഗ്രഹ കാരി ബാഗ് യൂണിറ്റ് | ശ്രീകൃഷ്ണ ഫെറോ സിമന്റ് കൺസ്ട്രക്ഷൻ യൂണിറ്റ് |
| 32 | പുറപ്പുഴ | തന്മയ ടൈലറിംഗ് യൂണിറ്റ് | ഭാവന ടൈലറിംഗ് യൂണിറ്റ് |
| 33 | രാജാക്കാട് | ചമയം ബ്യൂട്ടി പാർലർ | അമേസിംഗ് ടൈലറിംഗ് യൂണിറ്റ് |
| 34 | രാജകുമാരി | ടേസ്റ്റി പാലപ്പം | ഗോൾഡൻ ഫെതേഴ്സ് |
| 35 | ശാന്തൻപാറ | ചൈത്ര ഗാർമെന്റ്സ് | സ്വരാജ് ആക്ടിവിറ്റി ഗ്രൂപ്പ് |
| 36 | സേനാപതി | ചൈതന്യ റെഡിമെയ്ഡ്സ് | ഹണി ബീ ഹണി പ്രോഡക്ട്സ് |
| 37 | ഉടുമ്പന്നൂർ | പിങ്ക് & പർപ്പിൾ നൈറ്റി സെന്റർ | ടീൻസ് സി.ഐ.ബി യൂണിറ്റ്സ് |
| 38 | ഉടുമ്പഞ്ചോല | ലോട്ടസ് ഫ്ലവർ മിൽ | ഏഞ്ചൽ ബാഗ് യൂണിറ്റ് |
| 39 | ഉപ്പുതറ | സ്റ്റാർലറ്റ് ആക്ടിവിറ്റി ഗ്രൂപ്പ് | ആൻസ് ബ്യൂട്ടി പാർലർ |
| 40 | വണ്ടന്മേട് | ലാവണ്യ ഹെൽപ് ഡെസ്ക് | ഗ്രീൻലീഫ് പോട്ട്സ് |
| 41 | വണ്ടിപ്പെരിയാർ | ജൈവ ജീവനം ജൈവവള യൂണിറ്റ്,<br>എറേസ് ജനസേവനാ കേന്ദ്രം | ഫെമിന കൺസ്ട്രക്ഷൻസ് ഗ്രൂപ്പ് |
| 42 | വാത്തിക്കുടി | പാലത്തിനടിയിൽ സ്റ്റോഴ്സ് | കുക്കൂസ് ബേക്കറി |

| | | | |
|---|---|---|---|
| 43 | വണ്ണപ്പുറം | വനിത വണ്ണപ്പുറം നൈററി സെൻറർ | അമ്മൂസ് ടൈലറിംഗ് യൂണിറ്റ് |
| 44 | വട്ടവട | ജനകീയ ഹോട്ടൽ | വിന്റർ സ്റ്റോബറി യൂണിറ്റ് |
| 45 | വാഴത്തോപ്പ് | ജനസേവാ കേന്ദ്രം | ആനന്ദ് സ്റ്റോഴ്സ് |
| 46 | വെള്ളത്തൂവൽ | മഹിമ കേക്ക് യൂണിറ്റ് | വനിത പ്രിന്റിംഗ് പ്രസ്സ് |
| 47 | വെള്ളിയാമറ്റം | സ്നേഹ ടൈലറിംഗ് യൂണിറ്റ് | പാഥേയം ജനകീയ ഹോട്ടൽ |

ധനസഹായം ലഭിച്ച് 3 മാസത്തിനുശേഷം തിരിച്ചടവ് ആരംഭിക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ 14/2/2018-ലെ സ.ഉ (അ)22/18 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.4 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ തിരിച്ചടവാരംഭിച്ചിട്ടില്ല . റിവോൾവിംഗ് ഫണ്ടായി നൽകിയ തുകയുടെ യഥാവിധിയുള്ള വിനിയോഗം വിലയിരുത്തിയും അത് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചും വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 സെലക്ഷൻ നോട്ടീസ് ലഭിച്ച് യഥാസമയം കരാറിൽ ഏർപ്പെടുന്നില്ല - നഷ്ടം ₹8,589/-

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/01.02.2012) വകുപ്പ് 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന്റെ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. സെലക്ഷൻ നോട്ടീസ് കൈപറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞാൽ 10 ദിവസം കൂടി കരാർ തുകയുടെ 1% പിഴ ഈടാക്കി (ചുരുങ്ങിയത് ₹1,000/- പരമാവധി ₹25,000/-) കരാറുടമ്പടി വെയ്ക്കാം 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. മേൽ വ്യവസ്ഥ അനുസരിച്ച് 14 ദിവസത്തിനകം കരാർ ചമയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിനാൽ നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശങ്ങൾ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ ഇല്ലാതെ കരാറുടമ്പടി വെക്കേണ്ട അവസാന തീയതി | പിഴയോട് കൂടി കരാറുടമ്പടി വെക്കേണ്ട അവസാന തീയതി | കരാറുടമ്പടി വെച്ച തീയതി | പിഴ (കരാറുകാരൻ ക്വാട്ട് ചെയ്ത തുകയുടെ 1%) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | പ്രോജക്ട് പേര്/നം.: കുമാരമംഗലം ഗ്രാമ പഞ്ചായത്ത്<br>കുമാരമംഗലം ശാസ്താവ് റോഡ്- കല്ലങ്ക് റോഡ് പുനരുദ്ധാരണം (04/22 )<br>അടങ്കൽ : 10,00,000<br>ഫണ്ടിനം : തനത് ഫണ്ട്<br>നിർവ്വഹണം : അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>കരാറുകാരൻ : ഇബ്രാഹീം എ.പി<br>ഇ. പി.എ.സി : 858,886<br>എ. പി.എ.സി :857886<br>ബിൽ/ചെക്ക് നം. : TSB Check No. 6668345 Date 13.12.2021 Rs 924233<br>അളവ് പുസ്തകം നം. | 04.02.20 | 18.02.20 | 28.02.20 | 12.03.20 | 8589 | 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്ന നിബന്ധന പാലിക്കാതെ കരാറി ലേർപ്പെട്ടു. |

| | | | | | | | |
|---|---|---|---|---|---|---|---|
| | 195/20-21<br>എഗ്രിമെന്റ് നം. :-<br>309/T/AEE/<br>LSGD/IDK/<br>2019-20 DT 12/03/20 | | | | | | |
| | | | | | നഷ്ടം | 8589 | |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 28/03.08.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക ₹8,589 /- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാമ്പാടുംപാറ ഗ്രാമ പഞ്ചായത്ത് -കല്ലാർ ജി.എച്ച്.എസ് കെട്ടിടം-മെയിന്റനൻസ് നഷ്ടം ₹1,70,576/-

| പ്രോജക്ട് നമ്പർ 234/22 – കല്ലാർ ജി.എച്ച്.എസ് കെട്ടിടം മെയിന്റനൻസ് | |
|---|---|
| അടങ്കൽ | ₹3500000/-(മെയിന്റനൻസ് ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ വി.പി പ്രതീഷ് |
| കരാർ ഉടമ്പടി നമ്പർ | 119/T/AEE/LSGD/IDK/20-21 DT 18/11/21 |
| എം ബുക്ക് നമ്പർ | 459/19-20 |
| ബിൽ നമ്പർ & തുക | 21100652013601501981 തീ28.03.2022 ₹2987379 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ കല്ലാർ ജി.എച്ച്.എസ്. മെയിന്റനൻസിനുവേണ്ടി തയ്യാറിക്കിയ എസ്റ്റിമേറ്റിൽ ക്ലാസ് മുറികൾ, വരാന്ത എന്നിവയിലെ ടൈൽ പ്രവൃത്തികളും G.I ഷീറ്റ് മേൽക്കൂരയിലെ പെയിന്റിംഗ് പ്രവൃത്തികളും ഗ്രൗണ്ടിലെ ടൈൽ പാകലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എൽ ഐ ഡി & ഇ ഡബ്ല്യൂ പാമ്പാടുംപാറ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയപ്പോൾ പ്രവൃത്തിയിൽ കണ്ടെത്തിയ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1. ടൈൽ പ്രവൃത്തിക്ക് ₹125455.91 അധികം നൽകി

എം ബുക്ക് പേജ് നമ്പർ 73 ഇനം 7 ൽ ക്ലാസ് മുറികൾ, വരാന്ത എന്നിവിടങ്ങളിലായി 384.30$m^2$ വിട്രിഫൈഡ് ടൈൽ വിരിക്കുന്നതിനായി ₹1480/$m^2$ നിരക്കിൽ ₹5,68,764/- ചെലവഴിച്ച എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വരാന്ത, സ്റ്റെപ്പുകൾ എന്നിവിടങ്ങളിൽ 227.32$m^2$ വിട്രിഫൈഡ് ടൈൽ വിരിച്ചതായി എം ബുക്ക് 3 മുതൽ 9 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും. എൽ ഐ ഡി & ഇ ഡബ്ല്യൂ പാമ്പാടുംപാറ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ഇവിടെ വിട്രിഫൈഡ് ടൈലിന് പകരം DSR 11.38 പ്രകാരമുള്ള Ceramic Tile ആണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ഇതിന്റെ അനുവദനീയമായ നിരക്ക് ₹1112.20/$m^2$ മാത്രമാണ് (DSR 2016 പ്രകാരമുള്ള അടിസ്ഥാന നിരക്ക് ₹747.90+ 48.71% Cost Index). പ്രസ്തുത ഇനം എക്സ്ട്രാ ഇനമായി കണക്കാക്കി ടെണ്ടർ കിഴിവ് 11.219 % കുറച്ചാൽ നൽകാവുന്നത് ₹987.42/$m^2$ മാത്രമാണ്. വിശദാംശം ചുവടെ നൽകുന്നു.

| | |
|---|---|
| Ceramic Tile ഉപയോഗിച്ച അളവ് - | 227.32/$m^2$ |
| നിരക്ക് | ₹1112.20/$m^2$ |
| ടെണ്ടർ കുറവ് | 11.219% |
| അനുവദിക്കാവുന്ന നിരക്ക് | ₹987.42 /$M^2$ |
| നൽകിയതുക (₹227.32 X1480$m^2$+12%GST) | ₹376805.63 |
| നൽകാവുന്ന തുക (₹227.32 X 987.42$m^2$+12% )GST | ₹251396.61 |

| | |
|---|---|
| അധികം നൽകിയ തുക | ₹125409.02 |

2- പെയിന്റിംഗ് പ്രവൃത്തിക്ക് - ₹45,120/- അധികം നൽകി

എം ബുക്ക് ഇനം നമ്പർ 4 പ്രകാരം അക്രൈലിക് പെയിന്റ് ഉപയോഗിച്ച് 5714.303 എം$^2$ പെയിന്റിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ പ്ലാസ്റ്റിക് ഇമൽഷൻ പെയിന്റ് ഉപയോഗിച്ചാണ് പെയിന്റിംഗ് നടത്തിയിരിക്കുന്നതെന്ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വിശദാംശം ചുവടെ നൽകുന്നു.

| ഇനം | നിരക്ക് ₹ | ഏരിയ | നൽകിയ തുക ₹ |
|---|---|---|---|
| 14.66.1 Finishing Walls With Acryllic Smooth Exterior Paint Of Required Shade - Old Work | 80/m$^2$ | 5714.303 എം $^2$ | 457144.24 |

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി (സ്ഥല പരിശോധയിൽ കണ്ടെത്തിയത്)

| ഇനം | നിരക്ക് ₹ | ഏരിയ | നൽകാവുന്ന തുക ₹ |
|---|---|---|---|
| 14.53 Wall Painting With Plastic Emulsion Paint Of Approved Brand And Manufacture To Give An Even Shade. 14.53.1 One Or More Coats On Old Work | 72.95/m$^2$ | 5714.303 എം$^2$ | 416858.40 |
| അധികം നൽകിയ തുക (457144.24-416858.40+12%GST) | 45120 | | |

രണ്ടിനങ്ങളിലുമായി ആകെ അധികം നൽകിയ തുക – ₹170529.02 (45120+ 125409.02)

അധികം നൽകിയ തുക ₹1,70,529/-അളവ് രേഖപ്പെടുത്തിയ എൽ. ഐ. ഡി. & ഇ. ഡബ്ല്യൂ. പാമ്പാടുംപാറ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത എൽ. ഐ. ഡി. & ഇ. ഡബ്ല്യൂ. നെടുങ്കണ്ടം സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ എൽ. ഐ. ഡി. & ഇ. ഡബ്ല്യൂ. ഇടുക്കി ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-2 മതികെട്ടാൻ കുടിവെള്ള പദ്ധതി-ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം ₹365989/-

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രോജക്റ്റ് നമ്പർ 390/22 മതികെട്ടാൻ കുടിവെള്ള പദ്ധതി നവീകരണം |
| അടങ്കൽ | ₹3000000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കോൺട്രാക്ടർ | ശ്രീ പി.ബി ബിനീഷ് |
| കരാർ ഉടമ്പടി നമ്പർ | 263/Q/AEE/LID& EW/IDK/20-21 DT 05/02/22 |
| എം ബുക്ക് നമ്പർ | 1006/20-21 |
| ബിൽ നമ്പർ | 14/03/22 ₹ 1804486/- 25/05/22 ₹ 856631/- |

| | |
|---|---|
| | ₹313494/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ശാന്തൻ പാറ ഗ്രാമപഞ്ചായത്തിലെ പൂപ്പാറ കോളനി , എസ്റ്റേറ്റ് പൂപ്പാറ കോളനി എന്നിവടങ്ങളിലെ 450 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. ഇതിനായി 5241.8 മീറ്റർ 50 Mm G.I പൈപ്പാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ അളവ്പുസ്തകം ഇനം നമ്പർ 1-ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3141.8 മീറ്റർ 50 Mm GI പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിച്ചതായാണ്. (DSR Specification Number 18.12.6 -Prioviding And Fixing GI Pipes Complete With GI Fittings Including Trenching And Refilling Etc. External Works 50 Mm Dia Nominal Bore). ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നേരിട്ടുള്ള പരിശോധനയിൽ Trenching & Refilling നടത്താത്തത് കണ്ട് ബോധ്യപ്പെട്ടു. ഏതാനം വർഷങ്ങൾക്ക് മുൻപ് ഇതേ പദ്ധതിയിൽ സ്ഥാപിച്ച G.I പൈപ്പ് തുരുമ്പ് എടുത്ത് ഇവിടെ അവശേഷിക്കുന്നതായി കാണുന്നു. ഈ പൈപ്പുകൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ട്രെഞ്ചിംഗ് നടത്താതെ അതിനുള്ള തുക നൽകിയതിലൂടെ ഒരു മീറ്റർ പൈപ്പിന് ₹84.48 നിരക്കിൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ നൽകുന്നു.

| എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി | അളവ് മീറ്റർ | നിരക്ക് ₹ | നൽകിയ തുക ₹ |
|---|---|---|---|
| 18.12.6 -Prioviding And Fixing GI Pipes Complete With GI Fittings Including Trenching And Refilling Etc. External Works 50 Mm Dia Nominal Bore | 3141.8 | 545.00/മീ | 1712281 |
| യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി | | | |
| OD1341134/2021-2022- Providinf And Fixing GI Pipes With GI Fittings Excluding Trenching And Refilling Etc. External Works 50 Mm Dia Nominal Bore | 3141.8 മീറ്റർ | 428.51/മീ | 1346292 |
| അധികം നൽകിയ തുക | | | 365989 |

അധികം തുക നൽകിയ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നമ്പർ 28/17.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹3,65,989/- കരാറുകാരനിൽ നിന്ന് ഈടാക്കാത്ത പക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-3 ശാന്തമ്പാറ ജി.എച്ച്. എസ് -വിട്രിഫൈഡ് ടൈലിന് പകരം റെക്ടിഫൈഡ് സെറാമിക് ടൈൽ ഉപയോഗിച്ചു -നഷ്ടം ₹17332/-

| | |
|---|---|
| പ്രോജക്ട് നമ്പർ 1078/22 ശാന്തൻപാറ ജി.എച്ച്.എസ്. മെയിന്റനൻസ് | |
| അടങ്കൽ | ₹500000/- (മെയിന്റനൻസ് ഫണ്ട്) |
| കോൺട്രാക്ടർ | ശ്രീ എം.എം. ഷാജി |
| കരാർ ഉടമ്പടി നമ്പർ | 594/AB1AEE/LSGD/IDK/20-21<br>DT 19/01/22 |
| എം.ബുക്ക് നമ്പർ | 993/20-21 |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ശാന്തൻപാറ ജി.എച്ച്.എസ്. മെയിന്റനൻസിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ക്ളാസ് മുറികൾ, ഓഫീസ് റൂം , വരാന്ത എന്നിവടങ്ങളിൽ ടൈൽ വിരിയ്ക്കൽ, പെയിന്റിംഗ് , ടോയ്‌ലറ്റ് നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തിയിലെ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

ക്ളാസ് മുറികൾ, ഓഫീസ് റൂം, വരാന്ത എന്നിവിടങ്ങളിലായി 175.83 2m2 വിട്രിഫൈഡ് ടൈൽ വിരിച്ചതായി എം.ബുക്ക് ഇനം നമ്പർ 3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (പേജ് നമ്പർ 8-12). എസ്റ്റിമേറ്റ് പ്രകാരം ₹1538.97/എം2 എന്നതാണ് നിരക്ക്.( 2018-ലെ PRICE SPECIFICATION NUMBER-11.41.1 +39.83% COST INDEX) കരാറുകാരൻ 25.27% കുറഞ്ഞ നിരക്കായ ₹1150/- യാണ് ഈ ഇനത്തിന് ക്വോട്ട് ചെയ്തത്. എം ബുക്ക് പേജ് നമ്പർ 22 പ്രകാരം ഈ ഇനത്തിന് ₹202206.8 നൽകിയിട്ടുണ്ട്. 12 ശതമാനം G.S.T കൂടി ഉൾപ്പെടുത്തുമ്പോൾ ഈ ഇനത്തിന് ₹226471.61/- നൽകിയിട്ടുണ്ട്.

ശാന്തൻപാറ ഗ്രമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വിട്രിഫൈഡ് ടൈലിന് പകരം PRICE സ്പെസിഫിക്കേഷൻ കോഡ് 11.40 പ്രകാരമുള്ള Recttified Ceramic Tile ആണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് ബോധ്യമായി. ഇതിന്റെ നിരക്ക് ₹1421.09/m2 മാത്രമാണ്. ടെണ്ടർ കിഴിവ് 25.27% കുറച്ചാൽ നൽകാവുന്നത് 1061.99/m2 ആണ്. വിശദാംശം ചുവടെ നൽകുന്നു.

| | |
|---|---|
| Rectified Ceramic Tile ഉപയോഗിച്ച അളവ് | 175.832m2 |
| PRICE 2018സബ് ഹെഡ് 11.40 പ്രകാരം അടിസ്ഥാന നിരക്ക് ₹1016.30<br>+കോസ്റ്റ് ഇൻഡക്സ് @39.83% (₹404.79) | ₹1421.09/m2 |
